
# മരിച്ചവർ എവിടെ?


## WHERE ARE THE DEAD?




**വിശുദ്ധരും അശുദ്ധരും പരിഷ്കൃതരും അപരിഷ്കൃതരും ഉൾപ്പെടെ നമ്മുടെ സ്നേഹഭാജനങ്ങളും അയൽവാസികളുമായ മരിച്ചവർ എവിടെ?**




ബൈബിൾ കൃത്യവും ശരിയുമായി എന്തു പഠിപ്പിക്കുന്നു എന്നുള്ള ഒരു ഉൾക്കാഴ്ച കൊണ്ട് ഈ മാസിക നിങ്ങളെ ധന്യരാക്കും. തുടർച്ചയായി ഈ മാസികയുടെ ഓരോ ലക്കങ്ങളിലെയും ലേഖനങ്ങൾ വഴി കുടുംബങ്ങൾക്കും ഭവനങ്ങൾക്കും പ്രത്യേക പ്രാധാന്യമുള്ള ജീവദായകമായ സന്ദേശങ്ങൾ ഇതു നല്കുന്നു. സകല ഭൂഗോത്രങ്ങൾക്കും വരുവാനുള്ള അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിയുടെ അനുഗ്രഹകാലത്തെ ഇതു വിളംബരം ചെയ്യുന്നു.




യുഗങ്ങളുടെ ദൈവിക നിർണ്ണയം (ഒരു സ്വതന്ത്ര ബൈബിൾ പഠന സഹായി) സകല ജാതികളുടെയും വീണ്ടെടുപ്പും യഥാസ്ഥാപനവും സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ ഒരു രൂപരേഖ വളരെ ലളിതമായി തെളിവായി തരുന്ന ബൈബിളിന്റെ ഒരു 'താക്കോൽ' അഥവാ ബൈബിൾ വായിക്കുന്നതിനുള്ള ഒരു സംക്ഷിപ്ത വിവരപ്പട്ടിക. തിന്മയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അനുമതിയെ സംബന്ധിച്ചുള്ള അറിവിനും പ്രവാചകന്മാർ ദർശിച്ച സുവർണ്ണയുഗത്തിനായുള്ള ഒരുക്കത്തിനും ഈ കൃതി സഹായകം.

# മരിച്ചവർ എവിടെ?

**"സഹോദരന്മാരായ പുരുഷന്മാരെ, ഗോത്ര പിതാവായ ദാവീദിനെക്കുറിച്ച് അവൻ മരിച്ചു അടക്കപ്പെട്ടു എന്നു എനിക്കു നിങ്ങളോടു ധൈര്യമായി പറയാം; അവന്റെ കല്ലറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ''. ''ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ലല്ലോ'' (അപ്പൊ. 2:29,34). ''സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല" (യോഹ. 3:13).**

വിശുദ്ധനോ, അശുദ്ധനോ, പരിഷ്കൃതനോ, അപരിഷ്കൃതനോ ആകട്ടെ നമ്മുടെ സ്നേഹഭാജനങ്ങളും അയൽക്കാരുമെവിടെ? ഈ ചോദ്യത്തിന്റെ ഉത്തരത്തിനു നമ്മുടെ ജീവിതത്തോടു വിധി നിർണ്ണായകമായ ബന്ധമുണ്ട്. അതു നമ്മുടെ വേദശാസ്ത്രത്തേയും ജീവിതഗതിയെയാകെത്തന്നേയും ബാധിക്കുകയും സ്വാധീനപ്പെടുത്തുകയും ചെയ്യുന്നു. ശരിയായ ഉത്തരം ഉറപ്പും ഉത്തമബോധ്യവും ശക്തിയും പ്രദാനം ചെയ്യുകയും സുബോധത്തിന്റെ ആത്മാവു നമ്മിൽ ഉളവാകാൻ സഹായകമായിരിക്കുകയും ചെയ്യും. ഈ വിഷയത്തിൽ താൻ തൽപ്പരനല്ലെന്നു ആരെങ്കിലും പറയുന്നെങ്കിൽ അയാൾ വിവേകശൂന്യനാണെന്നും വിചാരശീലനല്ലെന്നും സ്വയം പ്രഖ്യാപിക്കുകയായിരിക്കും. ചുരുങ്ങിയ വർഷങ്ങളിലേക്കു മാത്രം നമ്മെ ബാധിക്കുന്ന ആഹാരം, വസ്ത്രം, ധനാർജ്ജനം, രാഷ്ട്രീയകാര്യങ്ങൾ തുടങ്ങിയ ഈ ആയുസ്സിലെ സാധാരണ വിഷയങ്ങൾത്തന്നെ പരിഗണനീയവും പഠനാർഹവുമാണെങ്കിൽ നമ്മുടേയും നമ്മുടെ അയൽവാസികളുടേയും പൊതുവിൽ മനുഷ്യവർഗ്ഗത്തിന്റേയും നിത്യഭാവി എത്രമേൽ ശ്രദ്ധേയമാകേണ്ടതാണ്.

### നിരീശ്വരവാദികളുടെ മറുപടി

സ്വന്തം ചിന്താസ്വാതന്ത്ര്യത്തിൽ അഭിമാനം കൊള്ളുന്ന നിരീശ്വരവാദികളായ ഞങ്ങളുടെ സുഹൃത്തുക്കളോടുള്ള ഒരു ചോദ്യത്തോടുകൂടി ഈ വിഷയത്തിന്റെ പരിശോധനയിലേക്കു ഞങ്ങൾ

പ്രവേശിക്കുന്നു. മരിച്ചവർ എവിടെ എന്ന ഞങ്ങളുടെ അന്വേഷണത്തിനു അല്ലയോ സ്വതന്ത്ര ചിന്തകരേ, നിങ്ങൾ എന്തു മറുപടി പറയുന്നു? അവരുടെ ഉത്തരം ഇപ്രകാരമാണ് "ഞങ്ങൾക്കറിഞ്ഞുകൂടാ. ഭാവിജീവിതത്തിൽ വിശ്വസിക്കുന്നതിനു ഞങ്ങൾ ഇഷ്ടപ്പെടുന്നു. എന്നാൽ ഞങ്ങൾ അതിനു തെളിവൊന്നും കാണുന്നില്ല. തെളിവുകളുടെ അഭാവത്തിൽ ഞങ്ങൾ തീരുമാനിക്കുന്നത് മൃഗത്തെപ്പോലെ മനുഷ്യരും മരിക്കുന്നു എന്നാണ്. വിശുദ്ധന്മാരുടെ സൗഭാഗ്യത്തെപ്പറ്റിയുള്ള നിങ്ങളുടെ പ്രതീക്ഷയെ നിരാശപ്പെടുത്തിയാലും ഞങ്ങളുടെ ഈ അനുമാനം നമ്മുടെ വർഗ്ഗത്തിലെ ബഹുഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും ആശ്വാസകരമായിരിക്കും. കാരണം ഭൂരിപക്ഷം പേരും വിശ്വസിക്കുന്ന പ്രകാരം യാതനയിൽ നിത്യകാലം ജീവിച്ചിരിക്കുന്നതിനേക്കാൾ മൃഗത്തെപ്പോലെ പട്ടുപോകുന്നതായിരിക്കും നിശ്ചയമായും അവർക്കു വളരെയേറെ നല്ലത്".

സവിനയമായ ഈ മറുപടിക്കു നിരീശ്വരവാദികളായ ഞങ്ങളുടെ സുഹൃത്തുക്കളോടു ഞങ്ങൾ കൃതജ്ഞരാണ്. എന്നാൽ ഒരു ഭാവിജീവിതം ഉണ്ടെന്നോ ഉണ്ടായിരിക്കണമെന്നോ അഭിവാഞ്ജ കൊള്ളുന്ന നമ്മുടെ ഹൃദയത്തിനാകട്ടെ ബുദ്ധിക്കാകട്ടെ ഈ ഉത്തരം തൃപ്തികരമായി തോന്നുന്നില്ല. ദിവ്യ നിർണ്ണയത്തിൽ മനുഷ്യൻ പരമോൽകൃഷ്ടനെന്നു പ്രതീക്ഷിക്കത്തക്കവണ്ണം സ്രഷ്ടാവു അവനെ മാനസികവും ഹൃദയപരവുമായ കഴിവുകളിൽ മൃഗത്തെ അപേക്ഷിച്ചു വളരെ ഉയർന്ന പടിയിൽ നിർമ്മിച്ചിരിക്കുന്നു എന്നു ഉച്ചൈസ്തരം ഘോഷിക്കുന്ന നമ്മുടെ അന്തകരണത്തേയോ, മനസ്സിനേയോ ഈ മറുപടി തീരെ തൃപ്തിപ്പെടുത്തുന്നില്ല. കൂടാതെ ഈ ആയുസ്സിന്റെ ക്ഷണികതയും, അതിന്റെ വേദനകളും യാതനകളും, അനുഭവങ്ങളും, പാഠങ്ങളും ഒരു ഭാവി ജീവിതം - ഈ പാഠങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു അവസരം - ഇല്ലാതെ പോകുന്നപക്ഷം മിക്കവാറും മുഴുവൻ തന്നെ വ്യർത്ഥവും നിഷ്ഫലവുമായിരിക്കും. നമ്മുടെ ചോദ്യത്തിനു തൃപ്തികരമായ ഒരുത്തരം കണ്ടെത്തുന്നതിനായി നാം ഇനിയും കൂടുതൽ ആരായേണ്ടിയിരിക്കുന്നു.

## ജാതികളുടെ മറുപടി

ലോകത്തിൽ മുക്കാൽ ഭാഗം ജനങ്ങളും ജാതികളാകയാൽ സംഖ്യയുടെ പ്രാമാണ്യം പരിഗണിക്കുമ്പോൾ മരിച്ചവർ എവിടെ എന്ന ചോദ്യത്തിനു അവർ കൊടുക്കുന്ന മറുപടി ആണ് അടുത്തതായി നാം ആരായേണ്ടത്. രണ്ടു സാമാന്യ മറുപടികളാണ് അവർ നൽകുന്നത്.

1. പുനർജന്മത്തിൽ വിശ്വസിക്കുന്നവരാണ് അവരിൽ പ്രാമാണികന്മാർ. അവർ ഇങ്ങനെ മറുപടി പറയുന്നു. "ഒരാൾ മരിക്കുമ്പോൾ അയാൾ മരിക്കുന്നില്ല. കേവലം രൂപാന്തരം പ്രാപിക്കയാണ് എന്നത്രേ ഞങ്ങളുടെ വീക്ഷണഗതി. ഈ ആയുസ്സിലെ ജീവിതത്തിനനുസരിച്ചിരിക്കും അയാളുടെ ഭാവിയിലെ അവസ്ഥ. അതിനൊത്തവണ്ണം അയാൾക്കു ഉയർന്നതോ താണതോ ആയ സ്ഥിതി കൈവരും. ഒരുവേള പൂച്ചയോ, നായോ, എലിയോ, ആനയോ മറ്റേതെങ്കിലുമോ ആയി മുമ്പ് ഞങ്ങൾ ലോകത്തിൽ ജീവിച്ചിരുന്നെന്നും ഇപ്പോഴത്തെ ആയുസ്സ് ബുദ്ധിപൂർവ്വം വിനിയോഗിക്കുന്ന പക്ഷം തത്വജ്ഞാനികൾ മുതലായവരെപ്പോലെ ശ്രേഷ്ഠ സിദ്ധികളോടുകൂടിയ മനുഷ്യരായി വീണ്ടും പ്രത്യക്ഷരാകുമെന്നും എന്നാൽ സാധാരണ മട്ടിൽ ജീവിതം ദുരുപയോഗം ചെയ്യുന്നെങ്കിൽ പിന്നെയും താണപടിയിലുള്ള ഒരു ജീവിയായിത്തീരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അപ്പോൾ വീണ്ടും ആനയോ ക്ഷുദ്രകീടമോ മറ്റെന്തുതന്നെയോ ആയെന്നു വരാം. ഈ വിശ്വാസം മൂലമാണ് താണ പടിയിലുള്ള ജന്തുക്കളോടുള്ള പെരുമാറ്റത്തിൽ ഞങ്ങൾ വളരെ ശ്രദ്ധാലുക്കളായിരിക്കുന്നതും എല്ലാ വിധ മാംസാഹാരങ്ങളും വർജ്ജിക്കുന്നതും. നാം ഒരു കീടത്തെ നിഷ്കരുണം ചവുട്ടിയരയ്ക്കുന്ന പക്ഷം മരണമെന്നു നാം പേർപറയുന്ന അവസ്ഥാന്തരത്തിനു ശേഷം നാം തന്നെ നിർദ്ദയമായ വർത്തനങ്ങൾക്കു വിധേയരാകത്തക്ക വടിവിൽ പിറക്കുക എന്നതായിരിക്കും കൈവരുന്ന ശിക്ഷ".

2. ജാതികളിൽ ശേഷിക്കുന്ന മഹാവിഭാഗം ശിഷ്ടന്മാർക്കു ഉല്ലാസ പ്രദമായ വിഹാരരംഗങ്ങളും ദുഷ്ടന്മാർക്ക് പലവിധത്തിലുള്ള ദണ്ഡനം നടക്കുന്ന നരകവുമടങ്ങിയ ഒരു ആത്മലോകത്തിൽ വിശ്വസിക്കുന്നു. മനുഷ്യർ മരിക്കുന്നതായി തോന്നുമ്പോൾ

വാസ്തവത്തിൽ അവർ അതിനു മുൻപുള്ള അവസ്ഥയെക്കാളും കൂടുതലായി സജീവരായി തീരുകയാണെന്നും "വൈതരണി" എന്ന പരലോക നദി തരണം ചെയ്യുന്ന മാത്രയിൽ അനുഗ്രഹീതരുടേയോ, നിത്യനിർഭാഗ്യവാന്മാരുടേയോ ജീവിതമണ്ഡലത്തിലേക്കു അവർ പ്രവേശിക്കുമെന്നും ശിക്ഷയ്ക്കും പ്രതിഫലത്തിനും വ്യത്യസ്ഥപടികൾ ഉണ്ടെന്നും കൂടെ ഉപദേശിക്കപ്പെടുന്നു. ഈ വീക്ഷണഗതികൾ നിങ്ങൾക്കെവിടെ നിന്നു ലഭിച്ചു എന്നു ഞങ്ങൾ ചോദിക്കുന്നു. മറുപടി ഇങ്ങനെയാണ്. നൂറ്റാണ്ടുകളായി ഈ വിശ്വാസം ഞങ്ങൾ പുലർത്തി വരുന്നു. അവയുടെ ഉൽപ്പത്തിയെപ്പറ്റി ഞങ്ങൾ അജ്ഞരാണ്. സത്യങ്ങളെന്ന നിലയിൽ ഞങ്ങളുടെ പണ്ഡിതന്മാർ അവ ഞങ്ങൾക്കു പരമ്പരയാ ഉപദേശിക്കയും ആ നിലയിൽ അവയെ ഞങ്ങൾ അംഗീകരിക്കയും ചെയ്തു.

എന്നാൽ ഈ ഉത്തരം നമ്മുടെ ബുദ്ധിക്കോ, മനസ്സിനോ തൃപ്തികരമാകുന്നില്ല. നാം വേറെ വഴിക്കാരാകേണ്ടിയിരിക്കുന്നു. മിഥ്യാ സങ്കൽപങ്ങൾ നമ്മുടെ വിശ്വാസത്തിനു മതിയായ ഉറപ്പല്ല. ആരുമായിട്ടാണോ, നമ്മുക്കു കാര്യമുള്ളത് ആ സ്രഷ്ടാവിങ്കൽ നിന്നുള്ള ദൂതായ ദിവ്യ വെളിപ്പാടിനെത്തന്നെ നാം അന്വേഷിക്കണം.

## കത്തോലിക്കാ മതത്തിന്റെ മറുപടി

ജാതികളെ വിട്ടിട്ടു ജ്ഞാനികളും, ലോകജനാവലിയുടെ കാൽ ഭാഗം വരുന്നവരുമായ ക്രൈസ്തവ മണ്ഡലത്തോടു ഞങ്ങൾ ഈ ചോദ്യം ചോദിക്കുന്നു. ക്രൈസ്തവ മണ്ഡലമേ, നിങ്ങളുടെ ഉത്തരം എന്ത്? മറുപടി ഇപ്രകാരമാണ്. ഞങ്ങൾക്കു ഭിന്നാഭിപ്രായങ്ങളാണുള്ളത്. ഞങ്ങളിൽ മൂന്നിൽ രണ്ടിലധികം വരുന്നവർ കത്തോലിക്കാ വിശ്വാസവും മൂന്നിലൊരു ഭാഗത്തോളം പേർ പ്രോട്ടസ്റ്റന്റുപൊതുവീക്ഷണ ഗതിയുമാണംഗീകരിക്കുന്നത്. പൗരാണികത്വവും ജനസംഖ്യാബലവും കൊണ്ടു മുൻഗണന അർഹിക്കുന്നതിനാൽ യവനസഭയും റോമാസഭയുമുൾപ്പെട്ട കത്തോലിക്കാ വിഭാഗത്തിന്റെ വീക്ഷണഗതി ഒന്നാമതായി നമുക്കു പര്യാലോചിക്കാം. മരിച്ചവർ എവിടെ എന്ന വിഷയത്തെപ്പറ്റി ദൈവദത്തമെന്നു നിങ്ങളവകാശപ്പെടുന്ന ദിവ്യവെളിപ്പാടു സംബന്ധിച്ചു

നിങ്ങൾ നടത്തിയിട്ടുള്ള കഠിനാദ്ധ്വാനങ്ങളുടെയും അദ്ധ്യയന ങ്ങളുടേയും ഫലങ്ങളും നിങ്ങളുടെ വിദഗ്ദചിന്തകരുടേയും വേദ ശാസ്ത്രജ്ഞന്മാരുടേയും നിഗമനങ്ങളും അല്ലയോ കത്തോലിക്കാ സുഹൃത്തുക്കളെ നിങ്ങൾ ഞങ്ങൾക്കു സദയം നൽകുക. നിങ്ങൾ പറയുന്നത് ഞങ്ങൾ ക്ഷമാപൂർവ്വം, മുൻവിധികൂടാതെ സശ്രദ്ധം കേൾക്കാം.

നമ്മുടെ കത്തോലിക്കാ സഹോദരന്മാർ ഇപ്രകാരമാണു മറുപടി പറയുന്നത്. "നിങ്ങളുടെ ചോദ്യ വിഷയം സംബന്ധിച്ചു ഞങ്ങളുടെ ഉത്തരം വളരെ വ്യക്തമാണ്. ദിവ്യ വെളിപ്പാടിന്റെ എല്ലാ വീക്ഷണ കോണങ്ങളിൽക്കൂടെയും ഞങ്ങൾ ഈ വിഷയം പരിശോധിച്ചിട്ടുണ്ട്. ആരെങ്കിലും മരിക്കുമ്പോൾ മൂന്നു സ്ഥലങ്ങളിൽ ഒന്നിലേക്കു പോകുന്നു എന്നാണ് ഞങ്ങളുടെ നിഗമനവും ഉപദേശവും. ഒന്നാമതു വിശുദ്ധന്മാർ – അവരുടെ എണ്ണം വളരെ പരിമിതമാണ് – അവർ ഉടൻ തന്നെ ദൈവസന്നിധിയിലേക്കു – സ്വർഗ്ഗത്തിലേക്കു പോകുന്നു". "തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്ത ആർക്കും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കൊ. 14:27) എന്നു കർത്താവു പറഞ്ഞിരിക്കുന്നതിവരെസംബന്ധിച്ചാണ്. വിശ്വസ്തതയോടുകൂടി ക്രൂശു വഹിക്കുന്നവരത്രേ ചെറിയ ആട്ടിൻകൂട്ടം അഥവാ തിരഞ്ഞെടുപ്പുഗണം. ഇവരെ സംബന്ധിച്ച് ജീവങ്കലേക്കു പോകുന്നവാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ'' (മത്താ. 7:14) എന്നു യേശു പറഞ്ഞിരിക്കുന്നു.

ഈ വിശുദ്ധന്മാരുടെ ഗണത്തിൽ ഞങ്ങളുടെ പട്ടക്കാരോ, ബിഷപ്പുമാർ, കർദ്ദിനാൾമാർ, മാർപ്പാപ്പാമാർ എന്നിവർ പോലുമോ ഉൾപ്പെടുന്നില്ല. കാരണം ഇവരിൽ ആരെങ്കിലും നിര്യാതരാകുമ്പോൾ അവരുടെ ആത്മാക്കളുടെ ശാന്തിക്കായി ദിവ്യബലികൾ അർപ്പിക്കുന്നു. അതു സഭയുടെ ചട്ടമാണെന്നു നിങ്ങൾക്കറിയാം. സ്വർഗ്ഗത്തിലാണെന്നു വിശ്വസിക്കുന്ന ആർക്കുവേണ്ടിയും നാം ദിവ്യപൂജകൾ അർപ്പിക്കുന്നില്ല. എന്തെന്നാൽ അവിടെ എല്ലാ ആത്മാവിനും വിശ്രാന്തിയുണ്ട്. നിത്യന രകത്തിൽ നിപതിച്ചിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കുന്നവർക്കുവേ

ണ്ടിയും നാം ദിവ്യബലികൾ അർപ്പിക്കുന്നില്ല. എന്തെന്നാൽ അവ അവർക്കു പ്രയോജനപ്പെടാൻ കഴിയുകയില്ല. എങ്ങിനെ ആയാലും വളരെപേർ നിത്യനരകത്തിനിരയാകുന്നില്ല എന്നു ഞങ്ങൾ എടുത്തു പറഞ്ഞുകൊള്ളുന്നു. മാനസാന്തരസാധ്യതയില്ലാത്ത മതവിരോധികൾ – കത്തോലിക്കാ സിദ്ധാന്തങ്ങളെ സംബന്ധിച്ച പൂർണ്ണ ജ്ഞാനമുണ്ടായിരുന്നിട്ടും അവയെ കരുതിക്കൂടി മനപ്പൂർവ്വം എതിർത്തവർ – മാത്രമേ ഭയാനകവും നിരാശാവഹവുമായ ഈ അവസ്ഥയെ അഭിമുഖീകരിക്കേണ്ടി വരൂ എന്നാണു ഞങ്ങൾ പഠിപ്പിക്കുന്നത്.

## അനേക ലക്ഷങ്ങൾ ശുദ്ധീകരണ സ്ഥലത്തേക്ക്

ഞങ്ങളുടെ സിദ്ധാന്തമനുസരിച്ച് മരിച്ചവർ പൊതുവിൽ ആ ക്ഷണത്തിൽ ശുദ്ധീകരണ സ്ഥലത്തേക്കു പോകുന്നു. ഇതു പേരിൽ നിന്നു വിശദമാകുന്നതുപോലെ നിശ്ചയമായും പാപത്തിൽ നിന്നുള്ള ശുദ്ധീകരണത്തിന്റേയും വ്രതാനുഷ്ഠാനങ്ങളുടേയും പശ്ചാത്താപത്തിന്റേയും കഷ്ടതകളുടേയും സ്ഥലംതന്നെ എങ്കിലുംആശയ്ക്കു വകയില്ലാത്തതല്ല. ശിക്ഷയ്ക്കു വ്യക്തിക്കുള്ള അർഹതകളും ലഘൂകരണങ്ങളും അനുസരിച്ചു ഇവിടെയുള്ള തടവുകാലം നൂറ്റാണ്ടുകളോ അനേകായിരം ആണ്ടുകളോ ആകാം. ഈ വിഷയം സംബന്ധിച്ച കത്തോലിക്കാ സിദ്ധാന്തംകൂടുതൽ നിഷ്കൃഷ്ടമായി അറിയണമെങ്കിൽ ഒരു പ്രശസ്ത കത്തോലിക്കനും കവിശ്രേഷ്ഠനുമായ ഡാന്റെയുടെ എഴുത്തുകളിലേക്കു നിങ്ങളുടെ ശ്രദ്ധ ഞങ്ങൾക്ഷണിക്കുന്നു. അദ്ദേഹം ഒരു വിശ്വസ്ത കത്തോലിക്കനായിരുന്നു. സഭയുടെ മുഴുവൻ പദവികളോടും കൂടെ അദ്ദേഹം ഒരു സന്യാസാശ്രമത്തിൽ വെച്ചു നിര്യാതനായി. ഈ വസ്തുതയെ സംബന്ധിച്ചു ഞങ്ങൾക്കുള്ള ധാരണയ്ക്കനുസരണമായി ഡാന്റേ തന്റെ ഇൻഫേർണോ (നരകം) തുടങ്ങിയ കവിതകളിൽ ശുദ്ധീകരണ സ്ഥലത്തെ ദണ്ഡനങ്ങളുടെ സജീവ ചിത്രങ്ങൾ വരച്ചിട്ടുണ്ട്. ഈ ഉത്കൃഷ്ട കത്തോലിക്ക് കാവ്യകൃതിയുടെ ഒരു സചിത്രപ്രതിമിക്കവാറും ഏതു ഗ്രന്ഥശാലയിൽ നിന്നും നിങ്ങൾക്കു കിട്ടുവാൻ കഴിയും.

ഡോറെ എന്ന കലാകാരനും ഒരു പ്രമുഖ കത്തോലിക്കനായിരുന്നു. അദ്ദേഹം ഡാന്റെയുടെകവിത തെളിവായും യഥാർത്ഥമായും ചിത്രമാക്കിയിട്ടുണ്ട്. ഇൻഫേർണോ തുടങ്ങിയ കൃതികളിൽ വർണ്ണിക്കുന്നപ്രകാരമുള്ള നരകയാതനകൾ ഈ ചിത്രവിവരണങ്ങൾ വിശദമാക്കുന്നു. അതനുസരിച്ചു തൂക്കായ ഗിരിശിഖിരങ്ങളിൽ നിന്നു വെട്ടിത്തിളയ്ക്കുന്ന വെള്ളത്തിലേക്കു എടുത്തു ചാടുംവരെ ചിലരെ പിശാചുക്കൾ പിൻതുടരുന്നു. മറ്റുള്ളവരെ അവർ അഗ്നി ശൂലങ്ങൾക്കൊണ്ടു പ്രഹരിക്കുന്നു. വേറെ ചിലരെ തലകുത്തി നിറുത്തിയും ഇനിയും ചിലരെ പാദങ്ങൾ കുഴിയിലേക്കു നീട്ടിയിട്ടും ചുടുന്നു. ചിലർക്കു സർപ്പദംശനം ഏൽക്കുന്നു. വേറേകുറേപ്പേർ തണുത്തുറയുന്നു. അങ്ങനെ പോകുന്നു ആ ചിത്രം. ഡാന്റെയുടെ ഇൻഫേർണോ മുതലായ കൃതികൾ വായിക്കാൻ ഞങ്ങൾ ഉപദേശിക്കുന്നത് മരിച്ചവർ എവിടെ എന്ന നിങ്ങളുടെ ചോദ്യത്തിനുള്ള തക്ക മറുപടിയെ സംബന്ധിച്ച കത്തോലിക്കാ വീക്ഷണഗതി അതിൽ വ്യക്തമാകുന്നതുകൊണ്ടാണ്. ബഹുഭൂരിപക്ഷവും ശുദ്ധീകരണ സ്ഥലത്താണ്. ജാതികളുടെ മഹാസമൂഹങ്ങൾ അവിടെയത്രെ. എന്തെന്നാൽ അജ്ഞാനം രക്ഷയ്ക്കു കാരണമാകയോ സ്വർഗ്ഗീയ പദവിക്കു യോഗ്യത നൽകുകയോ ചെയ്യുന്നില്ല. സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് അതിനു അർഹരാകുന്ന ആരും ജാതികൾക്ക് അസാദ്ധ്യമായൊരു സമ്പ്രദായത്തിൽ അനുയോജ്യരും ഒരുക്കപ്പെട്ടവരുമാക്കപ്പെടണം. പ്രോട്ടസ്റ്റന്റുകാരിൽപ്പെട്ട ലക്ഷങ്ങളവിടെയാണ്. കത്തോലിക്കാ സഭ വഴിയല്ലാതെ അവർക്കു സ്വർഗ്ഗപ്രവേശനം സാദ്ധ്യമല്ല. അവർ കത്തോലിക്കാ മതം തള്ളിക്കളഞ്ഞ് തങ്ങൾ ജനിക്കയും പരിചയിക്കയും ചെയ്ത വിശ്വാസത്തിന്റെ സ്വീകാരം മൂലമാകയാൽ അവരെ നിത്യ നരകത്തിനു യോഗ്യരായി എണ്ണാൻ ദൈവത്തിനു കഴികയില്ല.

കത്തോലിക്കരും മിക്കവാറും എല്ലാവരുംതന്നെ ശുദ്ധീകരണ സ്ഥലത്തേക്കു പോകുന്നു. സഭയുടെ സഹായഹസ്തം, പരിശുദ്ധ ജലം, പാപങ്ങളുടെ ഏറ്റുപറച്ചിൽ, ദിവ്യപൂജകൾ, പുണ്യജലം വിശുദ്ധീകരിച്ച ശ്മശാനഭൂമികൾ ഇവയെല്ലാം ഇരുന്നിട്ടും അവയെല്ലാം

വിഭലീഭവിക്കുമാറ് സ്വഭാവശുദ്ധി പ്രാപിക്കാത്ത ഇവർ ശുദ്ധീകരണ സ്ഥലത്തെ ശോകാനുഭവങ്ങൾ വഴി ഹൃദയം സ്വർഗ്ഗാനുഗുണമായി ഒരുക്കപ്പെടും വരെ അവിടെനിന്നും പുറംതള്ളപ്പെട്ടിരിക്കും.എന്നാലും അകത്തോലിക്കരുടെ അത്ര ദീർഘകാലം കത്തോലിക്കർക്കു ശുദ്ധീകരണ സ്ഥലത്തുകഴിയേണ്ടി വരികയില്ലെന്നു ഞങ്ങൾ സിദ്ധാന്തിക്കുന്നു.

### ദുഃഖകരമായ ഒരു പ്രതീക്ഷ

തങ്ങളുടെ നിലപാടിനെ സംബന്ധിച്ച ഈ ഹാർദ്ദമായ പ്രസ്താവനയ്ക്കു നമ്മുടെ കത്തോലിക്കാ സ്നേഹിതരെ നമുക്കു അഭിനന്ദിക്കാം. അവർ പറയുന്ന ശുദ്ധീകരണസ്ഥലമെവിടെ എന്നോ തത്സംബന്ധമായ വിശദവിവരങ്ങൾ അവർക്ക് എങ്ങനെ ലഭിക്കുന്നുവെന്നോ ഞങ്ങൾ ചോദിക്കുന്നില്ല. കാരണം ആവിധം ചോദ്യങ്ങൾ അവർക്കു ഇടർച്ച വരുത്തിയേക്കാം. ആർക്കും ഇടർച്ച വരുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ചു അവരുടെ പരമാവധി പരിപക്വവും വ്യക്തവും സുചിന്തിതവുമായ അഭിപ്രായം അറിയാൻ ആഗ്രഹിക്കുന്നതേയുള്ളു. ഈ ഉത്തരം നാം പ്രതീക്ഷിച്ച വിധം വിശദവും യുക്തിയുക്തവും വേദാനുസരണവുമല്ലെന്നു പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. അപ്പൊസ്തലൻ പറയും പ്രകാരം ആദ്യലംഘനം നിമിത്തം നമ്മുടെ വർഗ്ഗം ഇപ്പോൾത്തന്നെ ഞരങ്ങിക്കൊണ്ടിരിക്കുന്നെന്നും അൽപ്പകാലത്തെ ഈ ആയുസ്സു ദുഃഖപൂർണ്ണമാണെന്നുമുള്ള വിചാരം തന്നെ നമ്മെ അലട്ടുകയും അസ്വസ്ഥചിത്തരാക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ പരീക്ഷകളും പ്രയാസങ്ങളും തീരുമ്പോൾ നിത്യത പോകട്ടെ ഏതാനും നൂറ്റാണ്ടുകളിലേക്കെങ്കിലും ഡാന്റെ ചിത്രീകരിക്കുന്ന പ്രകാരമുള്ള ഭയാനകാനുഭവങ്ങൾക്കു പാത്രമാകാൻ കടപ്പെട്ടിരിക്കുന്നുവെന്നതു, ശോകഭൂയിഷ്ഠമായ ആ ശതാബ്ധങ്ങൾ അവരെ ശുദ്ധീകരിക്കയും ദൈവസന്നിധിക്കും സ്വർഗ്ഗീയമഹിമയ്ക്കും യോഗ്യരാക്കുകയും ചെയ്യുമെങ്കിലും നമുക്കേവർക്കും ദുഃഖകരവും നിരുത്സാഹജനകവുമാണ്.

ഞങ്ങളുടെ ചോദ്യത്തിനു കത്തോലിക്കർ നൽകുന്ന ഉത്തരം

ജാതികളുടെ മറുപടിയിലും വളരെയൊന്നും മെച്ചമല്ല എന്നു പറയുമ്പോൾ ചില വേദശാസ്ത്രജ്ഞന്മാർക്കു പുതുമയായി തോന്നുമെങ്കിലും അതാണു വാസ്തവം. നമ്മുടെ ഹൃദയമോ മനസ്സോ ഇനിയും സംതൃപ്തമാകുന്നില്ല. കുറേക്കൂടെ തൃപ്തികരമായ ഒരുത്തരം നാമാരായുന്നത് അസ്ഥാനത്താകയില്ല.

## പ്രോട്ടസ്റ്റന്റുകാരുടെ മറുപടി

ഞങ്ങൾ ഞങ്ങളെത്തന്നെ പ്രോട്ടസ്റ്റന്റു വകുപ്പിൽ ഉൾപ്പെടുത്തുന്നു. പക്ഷേ അതുകൊണ്ടു മറ്റാരുടെയെങ്കിലും നേരെ യാതൊരനാദരവും ഞങ്ങൾ വിവക്ഷിക്കുന്നില്ല. ഞങ്ങളുടെ വായനക്കാരിൽ ഭൂരിപക്ഷവും പ്രോട്ടസ്റ്റന്റുകാരായിരിക്കുമെന്നു ഞങ്ങൾ കരുതുന്നു. കഴിഞ്ഞകാലങ്ങളിൽ നമ്മിൽ പലരും പ്രോട്ടസ്റ്റന്റുകാരുടെ ഹൃദയവിശാലതയിലും വിജ്ഞാനശേഷിയിലും വിദ്യാസമ്പത്തിലും തെല്ലൊന്നഭിമാനം കൊണ്ടിരുന്നു. ഈ നിലയ്ക്കു പ്രോട്ടസ്റ്റന്റുകാരിൽ നിന്നു നമ്മുടെ ചോദ്യത്തിനു വ്യക്തവും യുക്തിയുക്തവും തൃപ്തികരവുമായ ഒരുത്തരം ന്യായമായി പ്രതീക്ഷിക്കരുതോ? മറ്റെല്ലാ മറുപടികളും അതൃപ്തികരമെന്നു കണ്ടുകൊണ്ടു സർവ്വപ്രകാരേണയും ഉയർന്ന തോതിലുള്ള സമുന്നതാനുകൂല്യങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ വർഗ്ഗത്തിന്റെ പന്ത്രണ്ടിൽ ഒരുഭാഗം വരുന്ന ജനതയെ നാം സമീപിച്ചിരിക്കെ അവരുടെ ഉത്തരത്തിൽ എല്ലാ മാർഗ്ഗത്തൂടെയും എല്ലാ കാലഘട്ടങ്ങളിൽ നിന്നുമുള്ള ജ്ഞാനത്തിന്റെയും തെളിവുകളുടെയും സത്തായ സാരാംശം നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ പ്രിയ സുഹൃത്തുക്കളെ നാമെന്താണു കാണുന്നത്? ലജ്ജാപൂർവ്വം ഞങ്ങൾ പറയുകയാണ്, അതിനു നേർ വിപരീതമാണു നാം കാണുന്നത്.

അംഗസംഖ്യയിൽ അഗണ്യമായ വകുപ്പുകളെ ഒഴിച്ചാൽ പൊതുവിൽ പ്രോട്ടസ്റ്റന്റുകാരുടെ സ്വരത്തിൽ നാം കേൾക്കുന്നത് സങ്കൽപ്പിക്കാവുന്നതിൽ വെച്ചു പരമാബദ്ധമായ ഉത്തരമാണ്. കത്തോലിക്കർക്കും ജാതികൾക്കും നിരീശ്വരവാദികൾക്കും ഒരുപോലെ അവഹേളനാർഹമായ ഒന്നാണ് ഈ ഉത്തരം. ഇതു വിസ്മയാവഹമായിരിക്കുന്നില്ലേ? അങ്ങനെ സംഭവിക്കാവുന്നതാണോ?

സുഹൃത്തിന്റെ ശാസനകൾ ഗുണകാംക്ഷയിൽ നിന്നാണ്. പ്രോട്ടസ്റ്റന്റുകാർ എന്ന അവസ്ഥയിലുള്ള നമ്മുടെ നിലപാടിന്റെ ബലഹീനത ഞങ്ങൾ വെളിപ്പെടുത്തുമ്പോൾ നിങ്ങൾ അതിങ്കൽ അക്ഷമരാകരുത്. നമുക്കു അവജ്ഞയോ അസ്വാസ്ഥ്യമോ ജനിപ്പിക്കുന്നതിനല്ല ഇതു ഞങ്ങൾ പറയുന്നത്. പ്രത്യുത, ഈ വിഷയം സംബന്ധിച്ചു നമ്മുടെ അഭിജ്ഞമായ പരിശോധന നമ്മുടെ നന്മയ്ക്കുതകുകയും യാഥാർത്ഥ്യം ഗ്രഹിച്ചു ജനങ്ങളുടെ മുൻപാകെ സത്യത്തിന്റെ ദിവ്യ പതാക ഉയർത്തുന്നതിനു നമ്മെ പ്രാപ്തരാക്കുകയും ചെയ്യുമെന്ന ചിന്തയോടെയാണ്. അതിന്റെ ഫലമോ നാമും മറ്റെല്ലാവരും നമ്മുടെ സ്രഷ്ടാവിന്റെ സ്വഭാവം, നിർണ്ണയങ്ങൾ, ഭാവിയിൽ നമ്മുടെ വർഗ്ഗത്തോടുള്ള അവന്റെ പ്രവർത്തനം ഇവ സംബന്ധിച്ചു കൂടുതൽ തെളിവായ കാഴ്ചപ്പാടുള്ളവരാകുക എന്നതുമാണ്.

വേദനിക്കുന്ന ഈ ഭാഗം ആവതും മൃദുവായി സ്പർശിക്കട്ടെ. കെട്ടഴിക്കയും വ്രണം ശുചിയാക്കുകയും ചെയ്യുന്നതു വേദനാജനകമാണ് എങ്കിലും സഹായകമത്രെ. ബുദ്ധിയും ഉദ്ദേശശുദ്ധിയും ഉണ്ടായിരുന്ന കത്തോലിക്കരായിരുന്നു നമ്മുടെ പൂർവ്വികന്മാർ. അവർ പരിചയിച്ചു വന്ന കത്തോലിക്കാ മത സിദ്ധാന്തങ്ങളിൽ വൈരുദ്ധ്യങ്ങളും വേദവൈപരീത്യങ്ങളും കണ്ടുപിടിച്ചതിൽ നിന്നാണു നമുക്കു പ്രോട്ടസ്റ്റന്റുകാർ (പ്രതിഷേധിക്കുന്നവർ) എന്ന പേരുണ്ടായത്. അവർ ഇവയെ പ്രതിഷേധിച്ചു. തന്മൂലം പ്രതിഷേധിക്കുന്നവർ എന്നർത്ഥമായ പ്രോട്ടസ്റ്റന്റുകാർ എന്ന പേർ ലഭിച്ചു. അവർ അവരുടെ എതിരാളികളോടു ചെയ്തതോ എതിരാളികൾ അവരോടു പ്രവർത്തിച്ചതോ മുഴുവനായി ന്യായീകരിക്കാൻ നമുക്കു സാദ്ധ്യമല്ല.

## പ്രോട്ടസ്റ്റന്റുകാർ ശുദ്ധീകരണ സ്ഥലത്തെ നിഷേധിക്കുന്നു.

നമ്മുടെ പൂർവ്വികന്മാരുടെ പ്രതിഷേധ വിഷയങ്ങളിൽ ഒന്ന് ശുദ്ധീകരണ സ്ഥലത്തെക്കുറിച്ച് തിരുവെഴുത്തിൽ ഒരിടത്തും ഏതെങ്കിലും സൂചനയോ പ്രസ്താവനയോ കാണാൻ കഴിയുന്നില്ലെന്നുള്ളതായിരുന്നു. നമുക്കു നിശ്ചയമായും വിസ്മയാവഹമായി തോന്നുന്ന വിധം ലാഘവത്തോടെ ശുദ്ധീകരണസ്ഥലം സംബന്ധിച്ച

തങ്ങളുടെ വിശ്വാസ സംഹിതകൾ ഒന്നാകെ സമാഹരിച്ചു ദൂരത്തെറിയണമെന്നു അവർ തീരുമാനിച്ചു. ഇങ്ങനെ സ്വർഗ്ഗ നരകങ്ങൾ മാത്രം ബാക്കിയായി. വർഗ്ഗത്തിലെ ഓരോ വ്യക്തിയും മരണവേളയിൽ അവയിൽ ഒന്നിൽ പ്രവേശിക്കയും നിത്യത അവിടെ ചെലവഴിക്കയും ചെയ്യുമെന്ന് അവർ സിദ്ധാന്തിച്ചു. തങ്ങൾ അഭിമുഖീകരിക്കാൻ പോകുന്ന വൈഷമ്യങ്ങളെ ധരിക്കാതിരുന്ന ആ പൂർവ്വികന്മാർ ഉദ്ദേശശുദ്ധിയുള്ളവരെങ്കിലും വ്യക്തമായും നമ്മുടെ പ്രതീക്ഷയോളം നിപുണബുദ്ധികളും ദീർഘദൃഷ്ടിയോ യുക്തിബോധമോ ഉള്ളവരും ആയിരുന്നില്ല. ഒരുവേള തങ്ങളുടെ നിലപാടിന്റെ വിഷമസ്ഥിതി കുറെയെല്ലാം അവർ കണ്ടിരുന്നതായി കരുതുന്നതാകാം കൂടുതൽ ശരി. എന്നാൽ നമ്മുടേതിൽ നിന്നു ഭിന്നമായ ഒരു വീക്ഷണഗതി യിലൂടെയാണ് അവർ വസ്തുതകൾ നിരീക്ഷിച്ചത്. കാൽവിന്റേയും, നോക്സിന്റേയും സിദ്ധാന്തങ്ങൾക്കായിരുന്നു അന്നു പ്രോട്ടസ്റ്റന്റുകാരു ടെ ഇടയിൽ പ്രാബല്യം. ഈ സിദ്ധാന്തം തങ്ങളാണു ദൈവത്തിന്റെ തിരഞ്ഞെടുപ്പുഗണമെന്നും സ്വർഗ്ഗാവകാശികളാകുന്ന ചെറിയ ആട്ടിൻ കൂട്ടമെന്നും മനുഷ്യരാശിയിൽ ശേഷിക്കുന്നവരാകെ നരകയാതനയ്ക്കു വിധേയരാകുമെന്നും ഉള്ള വിശ്വാസത്തിലേക്കു ഓരോ വിഭാഗത്തേയും നയിച്ചു.

## ഇപ്പോൾ കൂടുതലായ വെളിച്ചം

"ദൈവമേ, എന്നെയും ഭാര്യയേയും എന്റെ മകൻ ജോണിനേയും അവന്റെ ഭാര്യയേയും, മറ്റാരേയും വേണ്ട, ഞങ്ങളെ നാൽവരേയും മാത്രം അനുഗ്രഹിക്കണമേ'' എന്ന മട്ടിൽ കത്തോലിക്കരോ പ്രോട്ടസ്റ്റന്റുകാരോ ഇനിമേൽ പ്രാർത്ഥിക്കയില്ല.കത്തോലിക്കരാകട്ടെ പ്രോട്ടസ്റ്റന്റുകാരാകട്ടെ ഇരുകൂട്ടർക്കും അന്ധകാരയുഗമെന്നു നാം സാധാരണ വ്യവഹരിക്കുന്ന കാലഘട്ടത്തിലേക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ പൂർവ്വികരെ അപേക്ഷിച്ചു യുക്തിയുക്തമായി ചിന്തിക്കാൻ പ്രാപ്തരാകത്തക്കവണ്ണം നമ്മുടെ ജ്ഞാനദൃഷ്ടികളെ അഭിഷേകം ചെയ്തതിനാൽ ദൈവത്തോടു കൃതജ്ഞരായിരിക്കുവാൻ വകയുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മുൻ നിർണ്ണയോ പദേശത്തിൻകീഴ് അഭ്യസിപ്പിക്കപ്പെട്ടവരായ നാം, ജാതികൾ

തിരസ്കരിക്കപ്പെട്ടത്, അവരുടെ നാശത്തിനായാണെന്ന ആശയം അംഗീകരിക്കുന്നില്ല. വെസ്റ്റ്മിൻസ്റ്ററിൽ വച്ചുണ്ടായ വിശ്വാസ സ്വീകരണം അംഗീകരിക്കുന്നവർ മിഷനറി പ്രയത്നങ്ങൾ വഴി ജാതികളുടെ ഇടയിൽ സുവിശേഷം ഘോഷിക്കുന്നതിൽ ഇന്നു വളരെ തീക്ഷ്ണത കാണിക്കുന്നു. ഇതിൽ ഞങ്ങൾ സന്തോഷിക്കുന്നു. നമ്മുടെ ബുദ്ധി ഹൃദയവുമായി ഇനിയും വേണ്ടത്ര പൊരുത്തപ്പെട്ടിട്ടില്ലെങ്കിലും നമ്മുടെ ഹൃദയം കൂടുതൽ സത്യതൽപ്പരവും ശ്രേഷ്ഠവുമായിട്ടുണ്ടെന്നുള്ളതിനു ഇതൊരടയാളമാണ്. ഇപ്പോഴും നാം വക്രസ്വഭാവമുള്ള ഉപദേശങ്ങളിൽ തത്പരരായിരിക്കയും അവ ചൊവ്വുള്ളവയെന്നു സങ്കൽപ്പിക്കുവാൻ യത്നിക്കുകയും ചെയ്യുന്നു.

സിദ്ധാന്തപരമായ പ്രോട്ടസ്റ്റന്റുപദേശം വേദപുസ്തകത്തിനും കത്തോലിക്കാ വിശ്വാസത്തിനും ചേർച്ചയായിരിക്കയും, സ്വർഗ്ഗം പരിപൂർണ്ണതയുടെ സ്ഥാനമാണ്, അവിടെ പ്രവേശിക്കുന്നവർക്കു യാതൊരു അവസ്ഥാന്തരവും സംഭവിച്ചുകൂടാ, തന്മൂലം സ്വർഗ്ഗീയ ഭവനത്തിലേക്കുള്ള പ്രവേശനത്തിനു മുൻപായി എല്ലാ പരിശോധനകളും നിർമ്മലീകരണവും ചെത്തി രൂപപ്പെടുത്തലും മിനുക്കുവേലകളും പൂർത്തീകരിച്ചിരിക്കണം എന്നെല്ലാം പ്രഖ്യാപിക്കയും ചെയ്യുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ ഇപ്പോൾ യേശുവിന്റെ കാൽചുവടുകളിൽ നടക്കുന്ന ഹൃദയശുദ്ധിയുള്ളവരും ജേതാക്കളുമായ തിരഞ്ഞെടുപ്പു ഗണം മാത്രമേ അവിടെ പ്രവേശിക്കൂ എന്നതിനോടു ഞങ്ങൾ യോജിക്കുന്നു. മനുഷ്യവർഗ്ഗത്തിൽ ശേഷിക്കുന്നവരുടെ സ്ഥിതി എന്ത്? അതെ, അവിടെയാണു ബുദ്ധിമുട്ട്. തിരഞ്ഞെടുപ്പു ഗണമൊഴികെയുള്ള എല്ലാവരെയും നിത്യദണ്ഡനത്തിനു വിട്ടുകൊടുക്കുവാൻ, നമ്മുടെ വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കുന്ന വാദഗതി അതാണെങ്കിലും നമ്മുടെ ഹൃദയവിശാലത സന്നദ്ധമല്ല. ഇന്നത്തെ മാനവരാശിയിൽ മുക്കാൽ ഭാഗവും ദൈവത്തേയും രക്ഷാവ്യവസ്ഥകളെയും കുറിച്ചു ഒരിക്കലും കേട്ടിട്ടില്ലാത്ത ജാതികളാണെന്നു പ്രസ്താവിച്ചുകൊണ്ടു നമ്മുടെ ഹൃദയം അതിനെ പ്രതിഷേധിക്കുന്നു.

### സജ്ജനങ്ങൾ പരിഭ്രാന്തരാകുന്നു

നമ്മുടെ വിശ്വാസ പ്രമാണങ്ങൾ നമ്മെ പരിഭ്രാന്തരാക്കുന്നു.

എന്തെന്നാൽ ഈ നിർഭാഗ്യ സൃഷ്ടികൾ നിത്യനരകത്തിലേക്കു പോകുന്നു എന്നു വിശ്വസിക്കാൻ നമുക്കു മനസ്സു വരുന്നില്ല. എന്നാൽ അവർ സ്വർഗ്ഗത്തിനു യോഗ്യരാണെന്നു പറയാൻ നമ്മുടെ ന്യായബോധം അനുവദിക്കുന്നില്ല. സ്വർഗ്ഗത്തിലെ നിവാസികളിൽ മുക്കാൽപങ്കാളുകളും യാതൊരർത്ഥത്തിലും വീണ്ടും ജനന മുണ്ടാകാത്തവരാണെന്നു വിശ്വസിക്കുന്നത് തീർച്ചയായും തിരു വെഴുത്തുകൾക്കു മാത്രമല്ല യുക്തിക്കും എതിരാണ്. ശുദ്ധീകരണ സ്ഥലത്തെസംബന്ധിച്ച ഉപദേശം ഉപേക്ഷിക്കയും ആ വിശ്വാസ സംവിധാനത്തിന്റെ പരിശിഷ്ടം വച്ചു പുലർത്തുകയും ചെയ്തതിൽ നമ്മുടെ പൂർവ്വികന്മാർ നമ്മെ സംബന്ധിച്ചിടത്തോളം വസ്തുതകൾ വഷളാക്കുകയാണു ചെയ്തത്. ശുദ്ധീകരണ സ്ഥലത്തെ തിരുവചന വിരുദ്ധമെന്നു നാം നിഷേധിക്കുന്നപക്ഷം ഭൂഗോത്രങ്ങളുടെയാകെ നിത്യദണ്ഡനത്തെ വേദവിപരീതമെന്ന നിലയിൽ നാം പ്രതിഷേധിക്കേണ്ടതല്ലേ? പ്രത്യേകിച്ചും ക്രിസ്തു മുഖാന്തരം "ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും". സത്യം സംബന്ധിച്ച പരിജ്ഞാനത്താലും ദൈവവുമായി ഹൃദയപൂർവ്വമായ നിരപ്പും ക്രിസ്തു മുഖാന്തരം നിത്യജീവനും പ്രാപിക്കാനുള്ള അവസരംകൊണ്ടും അനുഗ്രഹീതരാകും - എന്നുവേദപുസ്തകം പ്രസ്താവിക്കുന്ന സ്ഥിതിക്കു അതാവശ്യമാണ്. നിത്യദണ്ഡനോപ ദേശത്തിന്റെ യുക്തി ശൂന്യത ഊന്നിപ്പറയേണ്ടതാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എങ്ങനെയായാലും ഈ വിഷയം സംബന്ധിച്ചു പ്രധാന പ്രോട്ടസ്റ്റന്റു സിദ്ധാന്തങ്ങൾ ഞങ്ങൾ ഇവിടെ വ്യക്തമാക്കാം.

1. ദൈവത്തിന്റെ ജ്ഞാനശക്തികൾ മനുഷ്യന്റെ വീഴ്ചയെ മുന്നറികയും വർഗ്ഗത്തിന്റെ ദണ്ഡനത്തിനായി നരകമെന്നൊരു മഹാതാവളം തീർത്തു അഗ്നിപീഡയ്ക്കതീതരായ ദുരാത്മാ ക്കളെ പാളയമിടുകയും ചെയ്തുകൊണ്ട് തിരഞ്ഞെടുപ്പു ഗണമൊഴികെയുള്ള മനുഷ്യരാശിക്കായി ഒരു പദ്ധതി മുന്നൊരുക്കി എന്നാണ് കാൽവിൻ ചിന്താഗതി. ഈ പരിഗണനയിൽ സ്നേഹവും നീതിയും പുറം തള്ളപ്പെട്ടിരിക്കുന്നു.
2. ഒരു വേള ഭൂരിപക്ഷം പേരും ഇന്നു അംഗീകരിച്ചിരിക്കുന്നതും

അർമ്മീനിയൻ തത്വമനുസരിച്ചുള്ളതുമായ മറ്റേ മുഖ്യ പ്രോട്ടസ്റ്റന്റ് സിദ്ധാന്തമനുസരിച്ചു ജ്ഞാനശക്തികളെ ഒഴിച്ചു നിർത്തിക്കൊണ്ടു ദൈവത്തിന്റെ സ്നേഹം, നീതി ഇവ ലോകസൃഷ്ടി നടത്തുകയും ദണ്ഡനവ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്തു. തന്മൂലം തന്റെ സൃഷ്ടികളോടു നീതിപൂർവ്വവും സ്നേഹപൂർവ്വവും പെരുമാറാനുള്ള ശ്രമത്തിൽ ആവശ്യമായ സഹായം നൽകാനുള്ള ശക്തിയുടെ അഭാവംമൂലം ദൈവം ബുദ്ധിമുട്ടിലായി. സുഹൃത്തുക്കളേ, ഈ വിഷയം സംബന്ധിച്ച പരിശോധനയിൽ നേരിട്ട വിഷമത മുഴുവനും ദൈവവചനം ആരായാതെ മനുഷ്യാഭിപ്രായങ്ങൾ മാത്രം അന്വേഷിച്ചതിന്റെ ഫലമാണ്.

## സത്യം കല്പിത കഥകളേക്കാൾ അവിശ്വസനീയം!

നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ വ്യക്തവും വിശദവും യുക്തിയുക്തവും നീതിപൂർവ്വവും വാത്സല്യ നിഷ്ഠവും ജ്ഞാനയുക്തവുമായ പരിപാടി നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ അതു നിങ്ങളെ അത്ഭുത പരതന്ത്രരാക്കുമെന്ന് ഞങ്ങൾക്ക് നിശ്ചയമുണ്ട്. അതു ഇത്രകാലത്തോളം അവഗണിക്കപ്പെടുകയും അന്ധകാരയുഗങ്ങളിലെ മാനുഷിക പാരമ്പര്യങ്ങളുടെ ചവറ്റു കൂമ്പാരത്തിൽ കുഴിച്ചു മൂടപ്പെടുകയും ചെയ്തിരുന്നു. തന്മൂലം ഇന്നു സത്യം കല്പിതകഥയിലും പുത്തരിയായി തോന്നത്തക്കവണ്ണം ആയിരിക്കുന്നു. "ആകാശം ഭൂമിക്കുമീതേ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു'' (യെശ.55:9) എന്നു കർത്താവു പ്രവാചകൻ മുഖേന പ്രഖ്യാപിച്ചതു യുക്തമായിരിക്കുന്നു.

ദൈവം നമ്മേക്കാൾ ശ്രേഷ്ഠൻ എന്നല്ലാതെ മറ്റെന്താണു നമുക്കു പ്രതീക്ഷിക്കാനുള്ളത്? ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ" (മത്താ. 5:44) എന്നും "നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവനു തിന്മാൻ കൊടുക്കുക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക" (റോമ. 12:20) എന്നും കർത്താവു പറയുന്നു. ദൈവം തന്റെ ശത്രുക്കളെ

ദണ്ഡിപ്പിക്കും; അതും നിത്യമായി എന്നു വിശ്വസിക്കുന്നത് ഇതിന്റെ വെളിച്ചത്തിൽ എത്ര വിചിത്രമായിരിക്കുന്നു. അതുമാത്രമല്ല, വിശേഷാൽ അവന്റെ ശത്രുക്കളല്ലാത്ത, ഇപ്പോഴത്തെ പ്രതികൂല സാഹചര്യങ്ങളിൽ വിശ്വാസികളായിത്തീരാൻ കഴിയാതെ അറിവില്ലായ്മയിൽപ്പെട്ടവരും ജാതികളുമായ ഏവരെയും അവൻ ദണ്ഡിപ്പിക്കുമത്രെ!

ചിന്താക്കുഴപ്പത്തിൽ നിന്നു അടുക്കും ക്രമവും കണ്ടെത്താനും സ്രഷ്ടാവിനോടും നമ്മുടെ വർഗ്ഗത്തോടുള്ള അവന്റെ പെരുമാറ്റങ്ങളോടും യഥാർത്ഥമായ ബഹുമാനം വീണ്ടെടുക്കാനും ഒരേ ഒരുവീക്ഷണകോണത്തിൽ നിന്നുമാത്രമേ കഴിയൂ. അതാണു നമുക്കു വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രകാരമുള്ള സത്യത്തിന്റേതായ വീക്ഷണകോണം.

## തിരുവെഴുത്തുകൾ എന്തു പറയുന്നു?

മരണമെന്നാൽ അർത്ഥം മരണമെന്നല്ല, മരിക്കുക എന്നാൽ മരിക്കും മുൻപുള്ളതിലും കൂടുതൽ ജീവചൈതന്യം പ്രാപിക്കയാണ് എന്ന സങ്കൽപ്പത്തിൽ അടിസ്ഥാനപ്പെട്ടതാണ് മേൽ പ്രസ്താവിച്ച എല്ലാ സിദ്ധാന്തങ്ങളും എന്നത് കുറിക്കൊള്ളുക. “നീ നിശ്ചയമായും മരിക്കും” എന്നു ഏദനിൽ വച്ചു ആദിമ മാതാപിതാക്കന്മാരോടു പ്രസ്താവിച്ചതു ദൈവമായിരുന്നു. “നിങ്ങൾ നിശ്ചയമായും മരിക്കയില്ല” എന്നു പ്രസ്താവിച്ചതാകട്ടെ സാത്താനായിരുന്നു. ക്രിസ്ത്യാനികളെന്നവണ്ണം ജാതികളും സാത്താന്യ വ്യാജ പ്രസ്താവന വിശ്വസിക്കയും ദൈവം അരുളിച്ചെയ്ത സത്യം പരിത്യജിക്കുകയും ചെയ്തിരിക്കുന്നു എന്നു കാണുക. ‘‘നിങ്ങൾ നിശ്ചയമായും മരിക്കയില്ല” എന്ന സർപ്പത്തിന്റെ പ്രസ്താവനയോടല്ലേ അവരെല്ലാം യോജിക്കുന്നത്? മരിച്ചവർ ജീവിച്ചിരിക്കയാണ് - മരണത്തിനു മുൻപിരുന്നതിലും അത്യധികം സജീവരായിരിക്കുന്നു - എന്നു അവരെല്ലാം അവകാശപ്പെടുകയല്ലേ? സുഹൃത്തുക്കളെ ഇവിടെയാണ് നാമെല്ലാം ഒരുപോലെ തെറ്റുന്നത്. “അവൻ സത്യത്തിൽ വസിച്ചില്ല” എന്നും ഭോഷ്ക്കുകളുടെ പിതാവാണ് എന്നും (യോഹ. 8: 44) കർത്താവ് ആരെ സംബന്ധിച്ചു പറഞ്ഞുവോ ആ അബദ്ധോപ

ദേഷ്ടാവിനെ നാം അനുഗമിച്ചിരിക്കുന്നു.

നൂറ്റാണ്ടുകളായി ജാതികളുടെ ഇടയിൽ പ്രാബല്യം നേടിയിരുന്നെങ്കിലും അന്ധകാരയുഗങ്ങളിലാണ് ഈ മിഥ്യാസിദ്ധാന്തങ്ങൾക്കു ക്രിസ്തു സഭയിൽ പ്രാമാണ്യം സിദ്ധിച്ചത്. ആ ഇരുൾ വരുത്തിക്കൂട്ടുന്നതിൽ ഈ ഉപദേശത്തിനു ഗണ്യമായ പങ്കുണ്ടായിരുന്നു. നമ്മുടെ പൂർവികന്മാർ "നീ നിശ്ചയമായും മരിക്കും" എന്ന ദിവ്യ സൂക്തം വിശ്വസിച്ചിരുന്നെങ്കിൽ മരിച്ചവർക്കായുള്ള പ്രാർത്ഥന, അവരുടെ പാപശാന്തിക്കായുള്ള ദിവ്യബലികൾ അവരുടെ ദണ്ഡനത്തെ സംബന്ധിച്ച ഭയാനക ചിന്തകൾ, ഇവയ്ക്കൊന്നും അവസരമുണ്ടാകുമായിരുന്നില്ല. "മരിച്ചവർ ഒന്നും അറിയുന്നില്ല" (സഭാ: 9:5). ''തന്റെ പുത്രന്മാർക്കു ബഹുമാനം ലഭിക്കുന്നത് അവൻ അറിയുന്നില്ല. അവർക്കു താഴ്ചഭവിക്കുന്നത് അവൻ ഗ്രഹിക്കുന്നതുമില്ല'' (ഇയ്യോ. 14:21) എന്നതിനോടും വേദം ആദ്യവസാനം യോജിക്കുന്നു.

## മരിച്ചവരുടെ സ്ഥിതി

മരിച്ചവർ എവിടെ എന്നും അവരുടെ അവസ്ഥ എന്തെന്നും തിരുവെഴുത്തുകളാണു നമ്മോടു പറയുന്നത്. അതനുസരിച്ച് അവർ സുഖദുഃഖങ്ങളോ ഭാഗ്യനിർഭാഗ്യങ്ങളോ അനുഭവിക്കയോ പുനരുത്ഥാനത്തിൽ ഉണർത്തപ്പെടും വരെ സൂര്യനുകീഴിൽ നടക്കുന്ന യാതൊന്നും അറിയുകയോ ചെയ്യുന്നില്ല "ചെയ്‌വാൻ നിനക്കു സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്ക; എന്തെന്നാൽ നീ ചെല്ലുന്ന പാതാളത്തിൽ (ശവക്കുഴിയിൽ–ഷിയോലിൽ) പ്രവൃത്തിയോ സൂത്രമോ അറിവോ ജ്ഞാനമോ ഒന്നുമില്ല" (സഭാ. 9:10) എന്ന ജ്ഞാനിയുടെ വചനങ്ങൾ ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

പഴയ നിയമത്തിലും പുതിയ നിയമത്തിലും ദുഷ്ടന്മാരേയും ശിഷ്ടന്മാരേയും പറ്റി അവർ മരണത്തിൽ നിദ്രകൊണ്ടു എന്നു തുല്യനിലയിലാണു എഴുതിയിരിക്കുന്നതു എന്നതിലേക്കു നിങ്ങളുടെ ശ്രദ്ധ ഞങ്ങൾ ക്ഷണിക്കുന്നു. "യേശുവിൽ നിദ്രചെയ്യുന്നവരെയും" "ക്രിസ്തുവിൽ നിദ്രകൊണ്ടവരേയും" സംബന്ധിച്ചു അപ്പൊസ്തലനായ പൗലൊസ് പറയുന്നതു ഞങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

മരിച്ചവരുടെ പുനരുത്ഥാനമില്ലെങ്കിൽ അവർ നശിച്ചുപോയതായി അവൻ പ്രസ്താവിക്കുന്നു (1 കോരി. 15:18). സ്വർഗ്ഗത്തിലോ ശുദ്ധീകരണ സ്ഥലത്തോ നരകയാതനയിലോ അവർക്കു നശിച്ചുപോകാൻ കഴിയുമോ? നിശ്ചയമായും അങ്ങനെ ആരും ഉപദേശിക്കുന്നില്ല. അവർ ഇപ്പോൾത്തന്നെ ശവക്കുഴിയിൽ നാശാവസ്ഥയിലായിരിക്കുന്നു. മരണത്തിന്റെ ശക്തിയിൽ നിന്നുള്ള മോചനത്തിനായി ഒരു പുനരുത്ഥാനം വ്യവസ്ഥ ചെയ്യാതിരുന്നെങ്കിൽ ആ നാശം പൂർണ്ണമായിരിക്കുമായിരുന്നു. അതുകൊണ്ടു "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപൊകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16).

ചുരുക്കിപ്പറഞ്ഞാൽ ദൈവം മനുഷ്യനെ ഭൗമീക സൃഷ്ടിപരമ്പരയുടെ ഉയർന്ന പടിയിൽ തന്റെ ഛായയിലും സാദൃശ്യത്തിലും നിർമ്മിച്ചുവെന്നും ഏദനിൽ അവനു ജീവൻ അതിന്റെ പരിപൂർണ്ണ അളവിൽ ഉണ്ടായിരുന്നുവെന്നും തികഞ്ഞ അനുസരണംകൊണ്ടു അതു നിലനിർത്താമായിരുന്നു എന്നുമാണു വേദപുസ്തക സിദ്ധാന്തം. എന്നാൽ പരീക്ഷയിൽ അഥവാ പരിശോധനയിൽ അവൻ പരാജിതനാകയും മരണ ശിക്ഷാ വിധിക്കു പാത്രമാകയും ചെയ്തു. അതിൽ നിന്നു "ഭക്ഷിക്കുന്ന നാളിൽ നീ ചാകവേചാകും" (ഉൽപ്പ. 2:17). മരണം അവിടെ ആരംഭിക്കയും 930 സംവത്സരങ്ങൾക്കുശേഷം ആദ്യപിതാവായ ആദാമിനെ ശവകുടീരത്തിലെത്തിക്കയും അവന്റെ സന്തതി പരമ്പരകളെയാകെ അവന്റെ ബലഹീനതയിലും മരണന്യായവിധിയിലും ഉൾപ്പെടുത്തുകയും ചെയ്തു. അവൻ ആ ദിവസംതന്നെ മരിച്ചു. അതു ഇരുപത്തിനാലു മണിക്കൂറുള്ള ഒരു ദിവസമല്ല, പ്രത്യുത ഒരു ആയിരമാണ്ടു ദിനമാണു എന്നു പത്രൊസ് അപ്പൊസ്തലൻ വിശദീകരിക്കുന്നു. "കർത്താവിനു ഒരു ദിവസം ആയിരം സംവത്സരംപോലെയത്രെ" (2 പത്രൊ. 3:8).

## ദൈവ സ്നേഹം പ്രത്യക്ഷമായി

ഈ മഹാദിവസങ്ങളിൽ ആറെണ്ണത്തിന്റെ കാലത്തു മരണ ന്യായവിധി മനുഷ്യനെ ചില വിഷയങ്ങളിൽ മൃഗത്തിന്റെ പടിയിലേക്കു

അധഃപതിപ്പിക്കയും ദൈവം ദയതോന്നി ഉദ്ധാരണം കൈവരുത്താത്ത പക്ഷം ഭാവി ജീവിതത്തിന്റെ പ്രത്യാശയില്ലാത്ത അവസ്ഥയിൽ ആക്കുകയും ചെയ്തു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കുമെന്ന പ്രസ്താവനയിൽ ഇതു സൂചിപ്പിച്ചിരിക്കുന്നു. “നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും” (ഉൽപ. 12:3;28:14) എന്നു ഇക്കാര്യം ദൈവം അബ്രഹാമിനു ഒന്നുകൂടി വിശദീകരിച്ചുകൊടുത്തു. ‘‘നമ്മെ ദൈവത്തോടു അടുപ്പിക്കുന്നതിനു നീതിമാനായവൻ നീതികെട്ടവർക്കായി” മരിക്കുകയാൽ (1 പത്രൊ. 3:18) പിതാവായ ആദാമിന്റെ ശിക്ഷ സ്വയം വഹിച്ചു വർഗ്ഗത്തെ ഉദ്ധരിക്കുന്നതിനായി ദൈവം തന്റെ പുത്രനെ അയച്ചതു ആയിരമാണ്ടു മഹാദിനങ്ങളിൽ നാലെണ്ണം കഴിഞ്ഞപ്പോഴാണ്. കാൽവരിയിൽ നിവർത്തിച്ച ആ വീണ്ടെടുപ്പു വേലയുടെ ഫലമായി ‘‘നീതിമാന്മാരുടെയും നീതികെട്ടവരുടേയും പുനരുത്ഥാനം”, (അപ്പൊ. 24:15) മരണശിക്ഷാ വിധിയിൽ നിന്നു, ശവകുടീരമാകുന്ന കാരാഗൃഹത്തിൽ നിന്നു മോചനം സംഭവിക്കേണ്ടിയിരിക്കുന്നു.

### ദണ്ഡനമല്ല മരണമാണു ശിക്ഷ

പാപത്തിന്റെ കൂലി നിത്യ ദണ്ഡനമല്ല മരണമാണെന്നു (റോമ. 6:23) തിരുവെഴുത്തുകൾ തെളിവായി പ്രസ്താവിക്കുമ്പോൾ ആദാമ്യപാപത്തിന്റെ ശമ്പളം നിത്യദണ്ഡനമാണെന്നു അംഗീകരിക്കു ന്നതിന്റെ അബദ്ധം നന്നായി മനസ്സിലാക്കുക. മനുഷ്യന്റെ വീഴ്ചയേയും അവന്റെമേൽ ചുമത്തപ്പെട്ട ന്യായത്തീർപ്പിനെയും സംബന്ധിച്ചു ഉൽപ്പത്തി പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരണം നാം പരിശോധിക്കുമ്പോൾ കേവലം മരണ ശിക്ഷയെക്കുറിച്ചല്ലാതെ ഒരു നിത്യ ഭാവി ദണ്ഡനത്തെ പരാമർശിച്ചു യാതൊരു സൂചനയും നാം കാണുന്നില്ല. രണ്ടാമതൊരിക്കൽ കൂടെ ഇതാവർത്തിച്ചുകൊണ്ടു യഹോവ പറയുന്നു “നീ പൊടിയാകുന്നു, പൊടിയിൽ തിരികെചേരും” (ഉല്പ. 3:19). പിശാചുക്കളെയോ, അഗ്നി, ദണ്ഡനം ഇവയെ സംബന്ധിച്ചോ ഒറ്റവാക്കും അവൻ ഉരിയാടിയില്ല.

ഈ നിലയ്ക്കു ഭൂതങ്ങളുടെ ഉപദേശങ്ങൾ എന്നു അപ്പൊസ്തലൻ പേർ വിളിക്കുന്ന അബദ്ധ സിദ്ധാന്തങ്ങൾകൊണ്ടു ശത്രു നമ്മുടെ പിതാക്കന്മാരെ അന്ധകാരയുഗങ്ങളിൽ വഞ്ചിച്ച തെങ്ങനെ? പാപത്തിനു മരണശിക്ഷയൊഴികെ മറ്റൊന്നും പ്രവചനങ്ങളിൽ പരാമർശിച്ചിട്ടില്ലെന്ന വസ്തുതകണക്കിലെടുക്കുക. പുതിയ നിയമവും അതിനനുസരിച്ചുതന്നെ ഇരിക്കുന്നു എന്നു കാണുക. പുതിയ നിയമത്തിൽ പകുതിയിലധികം ഭാഗത്തിന്റെ ലേഖകനായ വി. പൗലൊസ് "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലൊ" (അപ്പൊ. 20:27) എന്നു നമുക്ക് ഉറപ്പ് തരുന്നു. എന്നിട്ടും നിത്യ ദണ്ഡനത്തെ സംബന്ധിച്ച് അവൻ ഒരുവാക്ക് ഉച്ചരിക്കുന്നില്ല. മറിച്ചു പാപത്തെയും അതിന്റെ ശിക്ഷയെയും സംബന്ധിച്ചു ഈ സംഗതി തന്നെ ചർച്ച ചെയ്തുകൊണ്ട് "അതുകൊണ്ടു ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു; ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമ. 5:12) എന്നു പറയുന്നു. ഏകനിലോ എല്ലാവരിലുമോ കടന്നുകൂടിയത് നിത്യദണ്ഡനമല്ല മരണമാണ് എന്നു മനസ്സിലാക്കുക.

## മരണം മതിയായ ശിക്ഷയോ?

മരണം പാപത്തിനു മതിയായ ശിക്ഷയാകയില്ലെന്നു ആരെങ്കിലും അഭിപ്രായപ്പെടുന്ന പക്ഷം നമുക്കു ചെയ്യാനുള്ളത് വസ്തുതകൾ ചൂണ്ടിക്കാണിച്ചു ആ വാദഗതി ന്യായവിരുദ്ധമെന്നു തെളിയിക്ക മാത്രമാണ്. അനുസരണക്കേടെന്ന പാപം നിമിത്തം ആദാമിനു അവന്റെ സൗഭാഗ്യ ഭവനമായിരുന്ന പറുദീസ നഷ്ടപ്പെട്ടു. പൂർണ്ണ ജീവനും ദൈവ സംസർഗ്ഗവും അവനു നഷ്ടമാകയും പകരം രോഗവും വേദനയും ദുഖവും മരണവും വന്നുകൂടുകയും ചെയ്തു. ഇതിനും പുറമേ 3000 കോടിയോളം വരുന്ന അവന്റെ വംശപരമ്പരയാകെ പിതാവിൽ നിന്നു മാനസികവും സാന്മാർഗ്ഗികവും ശാരീരികവുമായ ബലഹീനതകൾ ജന്മസ്വഭാവമായി പ്രാപിക്കയും

അപ്പൊസ്തലൻ പ്രസ്താവിക്കും പ്രകാരം "ഞരങ്ങുന്ന സൃഷ്ടി" ആയിരിക്കയും ചെയ്യുന്നു (റോമ. 8:22). എന്നാൽ അനുഗ്രഹങ്ങൾ ഇങ്ങനെ പിതൃപരമ്പരയാ ലഭിച്ചിട്ടില്ല.

3000 കോടി വരുന്ന ജനാവലി പാപത്തിൽ ജനിക്കയും അകൃത്യത്തിൽ ആകൃതിപ്പെടുകയും (സങ്കീ. 51:5) ചെയ്തിരിക്കുന്ന സ്ഥിതിവിശേഷം നോക്കുക. വ്യസനത്തിലും അനുസരണക്കേടിലും കഴിഞ്ഞുപോയ ഹ്രസ്വങ്ങളായ ഏതാനും മണിക്കൂറുകളോ ദിവസങ്ങളോ ആണ്ടുകളോ അവരെ അവരുടെ മരണശയ്യയിലേക്കു കൊണ്ടു വന്നു. അശ്രുധാര വാർത്തുകൊണ്ട് ആർത്തഹൃദയരായ സുഹൃത്തുക്കൾ ആ മരണശയ്യക്കു ചുറ്റും നിന്നു. "വെണ്ണീറോടു വെണ്ണീറായി", "പൊടിടോടു പൊടിയായി" അവർ ശവകുടീരത്തിലേക്ക് ആനയിക്കപ്പെട്ടു. സാഹചര്യമാകെ കണക്കിലെടുക്കയും രോഗം, ദുഃഖം, വേദന, മരണം, മാനസികവും സാന്മാർഗ്ഗികവുമായ അധഃപതനം ഇവ പൂർണ്ണമായും പിതാവായ ആദാമിന്റെ ലംഘനത്തിന്റെ ഫലമാണെന്നു ഓർമ്മിക്കയും ചെയ്യുമ്പോൾ വിധിക്കപ്പെട്ട ശിക്ഷ മതിയാകുന്നില്ലെന്നും അതിൽ പരമായി ഈ അനേകലക്ഷങ്ങൾ മരണമാത്രയിൽ അനന്തയാതനയുടെയും ഭീകരതകളുടെയും നരക ഗർത്തത്തിലേക്കു ആനയിക്കപ്പെട്ട് നിത്യതയാകെ പിശാചിനാൽ പീഡിതരായിക്കഴിഞ്ഞു കൊള്ളണമെന്നു നീതി ആവശ്യപ്പെടുമെന്നോ ആവശ്യപ്പെടാൻ കഴിയുമെന്നോ സുബുദ്ധിയുള്ളവരാരെങ്കിലും പറയുമോ? പ്രിയ സുഹൃത്തുക്കളെ, ഒരാൾ ഈ നിലയിൽ അനുമാനങ്ങളിലെത്തുന്നത് അയാൾക്ക് ഒരിക്കലും യുക്തിവിചാരം ഉണ്ടായിരുന്നില്ലെന്നോ അതു നഷ്ടപ്പെട്ടുപോയെന്നോ കാണിക്കും.

## ദൈവം നിശ്ചയിച്ച ശിക്ഷ നീതിപൂർവ്വമാണ്

മരണശിക്ഷ നീതിവിരുദ്ധമെന്നോ വളരെ കടന്നുപോയെന്നോ ആരും കരുതേണ്ടതില്ല. കുറ്റവാളിയായ ആദാമിനെ ഉന്മൂലനം ചെയ്തു കൊണ്ടു ദൈവത്തിനു തന്റെ ന്യായത്തീർപ്പു നടപ്പിലാക്കാമായിരുന്നു. ക്ഷണംകൊണ്ടു വംശസംഹാരം വരുത്താൻ അവനു കഴിയുമായിരുന്നു. എന്നാൽ ആ മാർഗ്ഗം ഇതിനേക്കാൾ ആദരണീയമാകുമായിരുന്നോ? നിശ്ചയമായും ഇല്ല. ദുരിതപൂർണ്ണവും ക്ലേശനിബിഡവുമായിരിക്കു

മ്പോഴും ജീവിതം മധുരതരമാണ്. ഇതിനും പുറമേ വ്യക്തിഗതമായ നിലയിലുള്ള ഒരു പരിശോധനയ്ക്കവസരം ലഭിക്കുമ്പോൾ പിതാവായ ആദം സ്വീകരിച്ചതിലും വിവേകപൂർവ്വമായ ഒരു നിലപാടംഗീകരിക്കുന്നതിനു നമ്മെ ഒരുക്കുന്നതിൽ ഈ ആയുസ്സിലെ പരീക്ഷകളും അനുഭവങ്ങളും അച്ചടക്ക നിയമങ്ങൾപോലെ നമുക്കു സഹായകമായിത്തീരണമെന്നാണ് ദൈവോദ്ദേശം. ദിവ്യകരുണയും ഉദ്ധാരണവേലയുംകൊണ്ടല്ലായിരുന്നെങ്കിൽ നിരീശ്വരവാദം അവകാശപ്പെടുംപോലെ തന്നെ നമ്മുടെ വർഗ്ഗത്തിനു ഭാവിജീവിതത്തിന്റെ പ്രത്യാശ ഇല്ലാതെപോകുമായിരുന്നു.

നമ്മുടെ വീണ്ടെടുപ്പിനു കർത്താവു മരിക്കേണ്ടിവന്നു എന്നതിന്റെ കാരണത്തിൽ ശിക്ഷയുടെ വേറൊരു തെളിവുകൂടി നാം കാണുന്നു. നമുക്കെതിരായുള്ള ശിക്ഷ നിത്യദണ്ഡനമായിരുന്നെങ്കിൽ നമ്മുടെ ഉദ്ധാരണത്തിനു കർത്താവും ആ വില തന്നെ കൊടുക്കേണ്ടിവരുമായിരുന്നു. നീതിമാനായ അവൻ നീതികെട്ടവർക്കായി നിത്യദണ്ഡനം അനുഭവിക്കുന്നത് ആവശ്യമാകുമായിരുന്നു. എന്നാൽ നിത്യദണ്ഡനമായിരുന്നില്ല നമുക്കു വിധിച്ച ശിക്ഷ. തന്മൂലം നമുക്കായി അവൻ ആ ശിക്ഷ അനുഭവിച്ചുമില്ല. മരണമായിരുന്നു ശിക്ഷ. അതുകൊണ്ടു "ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി മരിച്ചു" "ദൈവകൃപയാൽ അവൻ എല്ലാവർക്കും വേണ്ടി മരണമാസ്വദിച്ചു" (1 കൊരി. 15:3; എബ്രാ. 2:9). ആദാമിന്റെ പാപക്കടത്തിനു മറുവിലയായിത്തീരാൻ കഴിയുന്നവർക്കു സർവ്വലോകത്തിന്റെയും ലംഘനത്തിനു ദിവ്യനീതിയുടെ മുൻപിൽ നിരപ്പു സമ്പാദിക്കാൻ കഴിയും. കാരണം ആദാം ഒരുവൻ മാത്രമാണു പരിശോധിക്കപ്പെട്ടത്. അവന്റെ സന്തതികളായ നാം അവനിലൂടെ അവയിൽ പങ്കുകാരായി.

### ദൈവത്തിന്റെ വിവേകപൂർവ്വമായ മിതവ്യയം

നമ്മുടെ സ്രഷ്ടാവിന്റെ ജ്ഞാനവും വ്യയലഘൂകരണവും കാണുക. മറ്റൊരുവന്റെ – ക്രിസ്തുവിന്റെ – അനുസരണം മുഖാന്തരം എല്ലാവരോടും കരുണ കാണിക്കേണ്ടതിന് ഒരുവന്റെ അനുസരണക്കേടിനായി അവൻ മുഴുവൻ ലോകത്തെയും ശിക്ഷക്കു വിധിച്ചു എന്നു തിരുവെഴുത്തുകൾ നമുക്കുറപ്പു തരുന്നു. നമ്മുടെ ഇച്ഛയോ അനുവാ

ദമോ കൂടാതെയാണു നമ്മെ ശിക്ഷയ്ക്കു വിധിച്ചത്. നമ്മുടെ അറിവോ ഇച്ഛയോ കൂടാതെ തന്നെ നമ്മെ വീണ്ടെടുക്കുകയും ചെയ്തു.

അപ്പോൾ നമുക്ക് ഉത്തരവാദിത്വമൊന്നുമില്ലേ എന്നും വ്യക്തിപരമായ കുറ്റങ്ങൾക്കു വ്യക്തിപരമായ ശിക്ഷ ഉണ്ടാകയില്ലേ എന്നും ആരെങ്കിലും ചോദിച്ചേക്കാം. എല്ലാവർക്കും പ്രതിഫലമായി തക്ക പകരം നൽകപ്പെടുമെന്നാണ് ഇതിനു ഞങ്ങളുടെ മറുപടി. ദൈവകൃപയെ നാം വ്യക്തിപരമായി അംഗീകരിക്കയോ നിരസിക്കയോ ചെയ്യുന്നതിനെ ആസ്പദമാക്കി നാം തന്നെയായിരിക്കും നമ്മുടെ നിത്യത നിർണ്ണയിക്കുന്നത്. ഏതു പാപവും അതെത്രത്തോളം മനഃപൂർവ്വമായിരിക്കുന്നുവോ ആ തോതിൽ സ്വഭാവത്തെ അപകർഷപ്പെടുത്തും. ഇതിന്റെ അർത്ഥം നഷ്ടപ്പെട്ട സ്വഭാവ നിലവാരം വീണ്ടെടുക്കുന്നതിനു ശിക്ഷകളും ശാസനകളും തിരുത്തലുകളും വേണ്ടിവരുമെന്നാണ് (മത്താ. 12:36; ലൂക്കൊ. 12:47,48). ഒരുവൻ എത്രമേൽ അധമനും ദുഷ്ടനുമായിരിക്കുന്നുവോ, അത്രയ്ക്കു പുനരുത്ഥാനവേളയിൽ അവനു നേരിടേണ്ടിവരുന്ന അസൗകര്യങ്ങളും ആദാമിൽ നഷ്ടപ്പെടുകയും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെടുകയും ചെയ്ത എല്ലാറ്റിലേക്കും മടങ്ങിവരുന്നതിന് അവനു ജയിച്ചു കീഴടക്കേണ്ടിവരുന്ന പ്രതിബന്ധങ്ങളും അധികമായിരിക്കയും ചെയ്യും. നമ്മുടെ കർത്താവു തന്റെ ഒന്നാം വരവിൽ ചെയ്ത അത്ഭുതങ്ങൾ അവൻ മഹത്വീകരണം പ്രാപിച്ച തന്റെ സഭയോടുകൂടെ സഹസ്രാബ്ദത്തിൽ സാധിക്കുവാനിരിക്കുന്ന വലിയ വേലയുടെ മുൻനിഴലാണ്. അപ്പോൾ രോഗികളും മുടന്തരും അന്ധരും മൃതരുമായ ഏവർക്കും പ്രത്യുത്ഥാനം വരികയും അനുസരണമുള്ളവരായിരിക്കുന്ന പക്ഷം ഒടുവിലായി തികഞ്ഞ പൂർണ്ണതയിലെത്തുകയും ചെയ്യും. അനുസരിക്കാത്തവർ രണ്ടാം മരണത്തിൽ നശിപ്പിക്കപ്പെടും (അപ്പൊ. 3:23).

## "മരിച്ചവൻ പുറത്തുവന്നു"

തന്റെ സ്നേഹിതനായ ലാസറെ മരണനിദ്രയിൽ നിന്നു ഉണർത്തിയതായിരുന്നു നമ്മുടെ കർത്താവു പ്രവർത്തിച്ച ഏറ്റവും ശ്രദ്ധേയമായ അത്ഭുതം. ലാസർ രോഗബാധിതനായ ശേഷം പലതവണയും യേശുവിന്റെ സഹായം അഭ്യർത്ഥിക്കപ്പെടുകയും അവൻ

സ്വാഭാവികമായും ആ വസ്തുത ധരിക്കുകയും ചെയ്തിരുന്നു. എന്നിട്ടും മാർത്തയും മറിയയും "കർത്താവേ നിനക്കു പ്രിയനായവൻ ദീനമായിക്കിടക്കുന്നു" (യോഹ. 11:3) എന്നൊരു പ്രത്യേക ദൂതു അവനെത്തിച്ചു. വാക്കാൽപോലും സൗഖ്യമാക്കാനുള്ള അവന്റെ കഴിവു അവർ അറിഞ്ഞിരുന്നു. അന്യരെ തുണയ്ക്കാൻ സന്നദ്ധനെങ്കിൽ സ്വന്തം സുഹൃത്തിനെ സഹായിക്കുന്നതിൽ അവൻ നിശ്ചയമായും സന്തുഷ്ടനായിരിക്കുമെന്നു അവർ വിശ്വസിച്ചു. എന്നാൽ യേശു അവൻ ഇരുന്ന സ്ഥലത്തു തന്നെ കഴിച്ചുകൂട്ടുകയും ആ പ്രിയ സഹോദരികൾക്കു ഒരു കനത്ത പ്രഹരം തന്നെ തട്ടുന്നതിനനുവദിക്കുകയും ചെയ്തു. അപ്പോൾ അവൻ ശിഷ്യന്മാരോടു "നമ്മുടെ സ്നേഹിതനായ ലാസ്സർ നിദ്ര കൊള്ളുന്നു" (യോഹ. 11:11) എന്നു പറഞ്ഞു. പിന്നീടു അവർക്കു സുഗ്രഹമാകും വണ്ണം "ലാസർ മരിച്ചുപോയി; ഞാൻ അവിടെ ഇല്ലാതിരുന്നതുകൊണ്ടു നിങ്ങളെ വിചാരിച്ചു സന്തോഷിക്കുന്നു" (യോഹ. 11:14,15) എന്നു തുടർന്നു പറഞ്ഞു.

ഒരു അസാധാരണാത്ഭുതം പ്രവർത്തിക്കുന്നതിനു ഒരു വിശേഷ സന്ദർഭം സൃഷ്ടിക്കുമെന്നുള്ളതുകൊണ്ടു അവൻ തന്റെ സുഹൃത്തിനെ മരണത്തിൽ നിദ്രകൊള്ളാനനുവദിച്ചു. അനന്തരം അവൻ തന്റെ ശിഷ്യന്മാരുമായി ബഥാന്യയിലേക്കുള്ള മൂന്നു ദിവസം വരുന്ന യാത്രയാരംഭിച്ചു. മിശിഹാ തങ്ങളുടെ താൽപ്പര്യങ്ങൾ അവഗണിക്കുന്നതായി തോന്നിയതിൽ പരിപീഡിതരായിത്തീർന്നെങ്കിൽ അതിനു ആ ശോകാകുലരായ സഹോദരികളെ നാം കുറ്റപ്പെടുത്തേണ്ടതില്ല. അവർക്കു ദുഃഖനിവൃത്തി വരുത്താൻ അവനു കഴിയുമെന്നും അവർ അറിഞ്ഞിരുന്നു. "കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ സഹോദരൻ മരിക്കയില്ലായിരുന്നു" എന്നാണു മാർത്തയുടെ വിനയപൂർവ്വമായ പ്രതിഷേധം. "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും" എന്നു യേശു അവളോടു പറഞ്ഞു. "ഒടുവിലത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കുമെന്നു ഞാൻ അറിയുന്നു" (യോഹ. 11:21,23,24) എന്നു മാർത്ത അവനു മറുപടി നല്കി.

"നിന്റെ സഹോദരൻ മരിച്ചിട്ടില്ല; അവൻ പൂർവ്വാധികം ചൈതന്യവാനാണ്. അവൻ സ്വർഗ്ഗത്തിലാണ്, അല്ലെങ്കിൽ ശുദ്ധീകരണസ്ഥ

ലത്താണ്'' എന്നൊന്നും നമ്മുടെ കർത്താവ് പറഞ്ഞില്ല എന്നതു ശ്രദ്ധാർഹമാണ്. അങ്ങനെ ഒന്നുമേ അവൻ ഉരിയാടിയിട്ടില്ല! ശുദ്ധീകരണസ്ഥലം അപ്പോഴും കണ്ടു പിടിച്ചിരുന്നില്ല. അവന് അതു തികച്ചും അജ്ഞാതമായിരുന്നു. സ്വർഗ്ഗത്തെ സംബന്ധിച്ചാണെങ്കിൽ നമ്മുടെ ആധാരവാക്യത്തിൽ കർത്താവിന്റെ സാക്ഷ്യം "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നവനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" എന്നാണ്. മാർത്തയ്ക്കും ഇതു സംബന്ധിച്ചു വേണ്ട അറിവു ലഭിച്ചിരുന്നു. അന്ധകാരയുഗങ്ങളിലെ അബദ്ധോപദേശങ്ങൾ സത്യത്തിന്റെ സ്ഥാനം കവർന്നു കഴിഞ്ഞിരുന്നില്ല. തന്റെ സഹോദരനെ സംബന്ധിച്ചു അവൾക്കുണ്ടായിരുന്ന പ്രത്യാശ വേദാനുസരണമായ ഒന്നായിരുന്നു. ഒടുവിലത്തെ നാളിൽ അതായത് സൃഷ്ടി മുതലെണ്ണുമ്പോൾ സഹസ്രാബ്ദ മഹാദിവസങ്ങളിൽ ഏഴാമത്തേതും അവസാനത്തേതുമായ ആയിരമാണ്ടുദിനത്തിൽ അവൻ പുനരുത്ഥാനം വഴി ജീവിക്കുമെന്നു തന്നെ.

പുനരുത്ഥാനത്തിനുള്ള അധികാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്നെന്നും അങ്ങനെയുള്ള താൻ അവളോടുകൂടെ സന്നിഹിതനായിരിക്കെ സങ്കടപരിഹാരത്തിനായി അവൾക്കിനിയും കാത്തിരിക്കേണ്ടതില്ലെന്നും അവൻ വിശദീകരിച്ചുകൊടുത്തു. വളരെ വൈകിപ്പോയിയെന്നും ആ സമയംകൊണ്ടു ദേഹം അഴുകാൻ തുടങ്ങിയിരിക്കുമെന്നും മാർത്ത കർത്താവിനോടു പറഞ്ഞു. എന്നാൽ കല്ലറ കാണുന്നതിനു അവൻ നിർബന്ധിക്കയും അവിടെ എത്തിയ ശേഷം "ലാസറേ, പുറത്തു വരിക" എന്നു ഉച്ചരിക്കയും ചെയ്തു. "മരിച്ചവൻ പുറത്തു വന്നു" (യോഹ. 11:43,44) എന്നു നാം വായിക്കയും ചെയ്യുന്നു. ജീവനുള്ള ലാസറല്ല വാസ്തവത്തിൽ മരിച്ച ലാസറാണു പുറത്തു വന്നത് എന്ന കാര്യം ശ്രദ്ധിക്കുക. സ്വർഗ്ഗത്തിലോ ശുദ്ധീകരണസ്ഥലത്തോ നിന്നല്ല അവൻ വിളിക്കപ്പെട്ടത് എന്നതു നന്നായി കുറിക്കൊള്ളുക.

## "കല്ലറകളിൽ ഉള്ളവർ എല്ലാവരും"

യേശു ലാസറിനു വേണ്ടി പ്രവർത്തിച്ചത് അവസാനമായി ആദാമിനും അവന്റെ മുഴുവൻ വർഗ്ഗത്തിനും വേണ്ടി ചെയ്യുമെന്നു

അവൻ പ്രസ്താവിച്ചിരിക്കുന്നു. “കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു പുറത്തു വരുന്നതിനുള്ള നാഴിക വരുന്നു” (യോഹ. 5:28,29) എന്നുള്ള അവന്റെ വചനങ്ങൾ ശ്രദ്ധിക്കുക. ഇതു നമ്മെ വിസ്മയിപ്പിക്കുന്നോ? അങ്ങനെയെങ്കിൽ അതിന്റെ കാരണം ദൂരത്തേടേണ്ടതില്ല. നാം വേദപുസ്തക സിദ്ധാന്തങ്ങളിൽ നിന്നു വളരെ വിദൂരസ്തരാകയും ‘‘ഭൂതങ്ങളുടെ ഉപദേശങ്ങളിൽ’’ ആകണ്ഠം ആണ്ടുപോകയും ‘‘നിങ്ങൾ നിശ്ചയമായും മരിക്കയില്ല’’ എന്ന സർപ്പത്തിന്റെ ഭോഷ്കു ദൃഢമായി വിശ്വസിക്കയും “നീ നിശ്ചയമായും മരിക്കും”, “പാപത്തിന്റെ ശമ്പളം മരണം” (റോമ.6:23) എന്നീ കർത്തൃ പ്രസ്താവനകളെ സംബന്ധിച്ചു തികച്ചും അറിവില്ലാത്തവരാകയും ചെയ്തതുകൊണ്ടുതന്നെ. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കുന്നവരിൽ രണ്ടു പൊതു ഗണങ്ങൾ ഉണ്ടായിരിക്കുമെന്നു യോഹ. 5:29–ന്റെ ശിഷ്ടഭാഗം വിശദമാക്കുന്നു. ഒന്നാമതു പരിശോധന നടക്കുകയും അതിൽ വിജയികളാകയും ചെയ്തവർ. രണ്ടാമതു, ഇതഃപര്യന്തം ദിവ്യാംഗീകാരം സമ്പാദിക്കുന്നതിൽ പരാജയപ്പെട്ടവരായി മനുഷ്യവർഗ്ഗത്തിൽ ശേഷിക്കുന്ന മുഴുവൻ പേരും ദിവ്യസമ്മതി സമ്പാദിച്ചവർ ശവക്കല്ലറയിൽ നിന്നു ജീവനായുള്ള പുനരുത്ഥാനത്തിലേക്കു – പൂർണ്ണതയിലേക്കു വരും. അല്ലാത്തവർ ന്യായവിധിക്കായുള്ള പുനരുത്ഥാനം പ്രാപിക്കും.

പുറത്തു വരിക എന്നതും പുനരുത്ഥാനമെന്നതും വ്യത്യസ്ത വസ്തുതകളാണ്. “ഓരോരുത്തനും താന്താന്റെ പടിയിൽ” (1 കൊരി. 15:23) ആയിരിക്കും പുറത്തുവരുന്നത് എന്നു അപ്പൊസ്തലൻ വിശദമാക്കുന്നു. ഇങ്ങനെ ഉണർത്തപ്പെട്ട ശേഷം മാനസ്സികവും സാന്മാർഗ്ഗികവും ശാരീരികവുമായ ഇന്നത്തെ അധമസ്ഥിതിയിൽ നിന്നു സ്വന്തം സ്രഷ്ടാവിന്റെ സ്വരൂപവും സാദൃശ്യവും സംബന്ധിച്ച് ആദാമിനുണ്ടായിരുന്ന മഹനീയമായ പൂർണ്ണതയിലേക്കു ഉത്തരോത്തരം ഉയരുന്നതിനു അവർക്കു അവകാശമുണ്ടായിരിക്കും. “ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്ത എല്ലാറ്റിന്റേയും യഥാസ്ഥാപനം” (അപ്പൊ. 3:21) എന്നു ഈ ഉയർത്തൽ അഥവാ പുനരുത്ഥാനം സംബന്ധിച്ച വേലയെ പരാമർശിച്ചു പത്രൊസ് പറയുന്നു.

## സർവ്വാത്മരക്ഷാവാദം വേദവിരുദ്ധം

സകലമനുഷ്യരും നിത്യജീവൻ പ്രാപിക്കുമെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. സഹസ്രാബ്ദത്തിലെ സുവർണ്ണാവസരങ്ങൾ പ്രയോജനപ്പെടുത്താൻ വിമുഖരായവർ, പൂർണ്ണതയിലേക്കുയർത്തപ്പെടാൻ വിസമ്മതിക്കുന്നവർ, രണ്ടാം മരണത്താൽ ജനത്തിന്റെ ഇടയിൽ നിന്നു ഛേദിക്കപ്പെടുമെന്നു തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നു. "അവർ ജനിക്കാത്തവരെപ്പോലെ ആകും" (ഓബ. 16; സങ്കീ.145:20; അപ്പൊ. 3:23).

ഈ വിഷയം സംബന്ധിച്ച നമ്മുടെ കർത്താവിന്റെ ഉപദേശങ്ങൾ ഞങ്ങൾ നിങ്ങളെ ഒന്നുകൂടെ ഓർമ്മിപ്പിക്കുന്നു. കഫർന്നഹൂമിലെ പള്ളിയിൽ ചെല്ലുകയും വേദഭാഗം വായിക്കാൻ ആവശ്യപ്പെട്ടതിൽ യെശയ്യാവിന്റെ 61-ാം അദ്ധ്യായം തിരഞ്ഞെടുത്ത് തന്നെയും കാരാഗൃഹ കവാടങ്ങൾ തുറന്നു തടവുകാരെ മോചിപ്പിക്കുക എന്നതുൾപ്പെടെയുള്ള തന്റെ വേലയേയും സംബന്ധിച്ചു വായിക്കയുമുണ്ടായി. സ്നാപകയോഹന്നാനെ സംബന്ധിച്ച പ്രകാരമുള്ള യാതൊരു അക്ഷരിക കാരാഗൃഹങ്ങളും നമ്മുടെ കർത്താവു തുറക്കുകയുണ്ടായില്ല എന്നു നാം നന്നായി അറിയുന്നു. അവൻ അവനെ സഹായിക്കാൻ യാതൊരു ശ്രമവും നടത്തിയില്ല. അവൻ തുറക്കാൻ പോകുന്ന തടവറ ഇപ്പോൾ നമ്മുടെ വർഗ്ഗത്തിലെ 3000 കോടിയോളം വരുന്ന ജനാവലിയെ പിടിച്ചുവച്ചിരിക്കുന്ന ആ ശവ കുടീരമെന്ന മഹാ കാരാഗൃഹമാണ്. ലാസറിന്റെ സംഗതിയിൽ പ്രവർത്തിച്ചപ്രകാരം തന്നെ തന്റെ രണ്ടാം വരവിൽ കർത്താവ് ഈ വലിയ തടവറ തുറക്കയും സകല ബദ്ധന്മാരേയും സ്വതന്ത്രരാക്കയും ചെയ്യും. അവൻ അവരെ സ്വർഗ്ഗത്തിലോ ശുദ്ധീകരണ സ്ഥലത്തോ നരകത്തിലോ നിന്നു വിളിച്ചു വരുത്തുകയായിരിക്കയില്ല, പ്രത്യുത "ലാസറേ, പുറത്തു വരിക" എന്നു ആഹ്വാനംചെയ്ത പ്രകാരം കല്ലറകളിൽ ഉള്ള എല്ലാവരും അവന്റെ ശബ്ദം ശ്രവിച്ചു പുറത്തു വരും.

## മരിച്ചവർ എവിടെ?

സുഹൃത്തുക്കളേ, നമ്മുടെ ചോദ്യത്തിനു ഏറ്റവും ഉയർന്നതു മുതൽ താണതുവരെയുള്ള ഭൗമികാധികാരപീഠങ്ങൾ നൽകുന്ന

മറുപടി നിങ്ങളുടെ ആലോചനയ്ക്കു വിഷയീഭവിച്ചു കഴിഞ്ഞിരിക്കുന്നു. അവയിൽ ഒന്നും തൃപ്തികരമായില്ല. ഇപ്പോൾ നിങ്ങൾ ദൈവവചനത്തിലെ സാക്ഷ്യം , മരിച്ചവർ എവിടെ എന്നതിനെ സംബന്ധിച്ച ദിവ്യപ്രസ്താവന തന്നെ കേട്ടിരിക്കുന്നു.

സ്വർഗ്ഗീയ ശബ്ദം നാം ശ്രവിക്കുമ്പോൾ മരിച്ചവൻ വാസ്തവത്തിൽ മരിക്കതന്നെ ചെയ്തെന്നും ഭാവിയെ സംബന്ധിച്ച അവരുടെ സകല പ്രത്യാശകളും ഒന്നാമതു കാൽവറിയിൽ നമ്മുടെ കർത്താവ് നിർവ്വഹിച്ച വീണ്ടെടുപ്പു വേലയിലും രണ്ടാമതവന്റെ രണ്ടാം വരവിൽ അവനാൽ വീണ്ടെടുക്കപ്പെട്ടവർക്കായി സാധിക്കാനിരിക്കുന്ന പുനരുത്ഥാന വേലയിലും കേന്ദ്രീകരിച്ചിരിക്കുന്നെന്നും നമുക്കു ഉറപ്പു വരുന്നു. ഇപ്പോൾ തന്നെ സ്വർഗ്ഗീയ ഭവനത്തിൽ പ്രവേശിച്ചു കഴിഞ്ഞു എന്നു നിങ്ങൾ പ്രത്യാശിച്ചു പോയ ഏതെങ്കിലും സഹോദരനേയോ സഹോദരിയേയോ പിതാവിനേയോ മാതാവിനേയോ ശിശുവിനേയോ സംബന്ധിച്ചു ഇതു നിങ്ങളിൽ നിരാശയുടെ കരിനിഴൽ വീശുന്നെങ്കിൽ ഒരു ആശ്വാസമാർഗ്ഗമായി ഈ പ്രശ്നത്തിന്റെ മറുവശം വീക്ഷിക്കുക. അതായതു നിങ്ങളുടെ സിദ്ധാന്തവും പ്രചാരത്തിലുള്ള മറ്റെല്ലാ സിദ്ധാന്തങ്ങളുമനുസരിച്ചു നിങ്ങളുടെ എത്രയെത്ര ഇഷ്ടഭാജന ങ്ങളും ബന്ധുജനങ്ങളും മിത്രങ്ങളും ശത്രുക്കളും അയൽക്കാരുമാണ് അവരുടെ മഴണവിനാഴിക മുതൽ അവർണ്ണനീയമായ മഹായാതനകൾ അനുഭവിച്ചു വരികയും ഇതുപോലെ തുടർന്നുള്ള സുദീർഘ ശദാബ്ദങ്ങളിലേക്കു അനുഭവിക്കാനിരിക്കയും ചെയ്യുന്നത്. മരിച്ചവർ എവിടെയെങ്കിലും ജീവനോടെയിരിക്കയല്ല, കേവലം മൃതരാണ്, അഥവാ ഭാവിയിൽ ഉണരുമെന്ന പ്രത്യാശ ആരെ ആശ്രയിച്ചിരിക്കുന്നുവോ ആ ക്രിസ്തുവാണ് അവരുടെ വീണ്ടെടുപ്പുകാരൻ എന്ന അർത്ഥത്തിൽ കാവ്യാത്മകമായി പറയുന്ന പക്ഷം ''അവർ ക്രിസ്തുവിൽ നിദ്രകൊള്ളുന്നു'' എന്ന സത്യം സംബന്ധിച്ച പരിജ്ഞാനം മനസ്സിനും ഹൃദയത്തിനും കൈവരുത്തുന്ന ശാന്തി പരിഗണിക്കുക.

## ദൈവത്തെ സംബന്ധിച്ച് അധികമായ അഭിനന്ദനം

ചിരകാലമായി നാം വച്ചുപുലർത്തിവരുന്ന സിദ്ധാന്തങ്ങൾ ഇപ്പോൾ നാം വലിച്ചെറിഞ്ഞെങ്കിലും അവ ഒരിക്കലും

മനോഹരമായിരുന്നില്ല, ഒരിക്കലും യുക്തിയുക്തമായിരുന്നില്ല, ഒരിക്കലും തിരുവെഴുത്തുകൾക്കനുസരണമായിരുന്നില്ല. എന്നു ചുരുക്കത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പരമപ്രധാനമായ ഈ വിഷയം സംബന്ധിച്ചുള്ള തിരുവെഴുത്തുകളുടെ ഉപദേശം ദിവ്യകരുതലിനാൽ ഇപ്പോൾ നമുക്ക് സുഗ്രഹമാകുന്നതിൽ നാം സന്തുഷ്ടരല്ലേ? നമ്മുടെ മനസ്സിൽ നിന്ന് അബദ്ധധാരണകൾ മങ്ങിമായുന്നതോടെ തത്സ്ഥാനത്തു ദൈവത്തിന്റെ യഥാർത്ഥ സ്വഭാവത്തെ സംബന്ധിച്ചു അധികമായ അഭിനന്ദനവും പൂർവ്വാധികം ഭക്ത്യാദരങ്ങളോടും താത്പര്യത്തോടും അവനെ ആരാധിക്കയും സേവിക്കയും ചെയ്യുന്നതിനുള്ള അഭിലാഷവും സ്ഥാനം പിടിക്കേണ്ടതാണ്. ദിവ്യഗ്രന്ഥമായ വേദത്തോടു മുമ്പത്തേതിലുമധികം ഭക്തിബഹുമാനങ്ങൾ നമുക്കുണ്ടാകേണ്ടതുമാണ്. ശത്രുക്കളാലും മിത്രങ്ങളാലും തെറ്റിദ്ധരിപ്പിക്കപ്പെട്ട് നിരവധി നൂറ്റാണ്ടുകളായി അതുലോക സമക്ഷം നിലകൊണ്ടു. എന്നിട്ടും അവസാനത്തിൽ ഈ അതിപ്രധാന വിഷയം സംബന്ധിച്ച ഏക സത്യഗ്രന്ഥമെന്നു അതു സ്വയം തെളിയിച്ചു എന്ന വസ്തുത ഭാവിയിൽ അതിന്റെ ഉപദേശങ്ങളെ ഗാഢമായി പിൻ പറ്റുന്നതിനുള്ള നമ്മുടെ ദൃഢ നിശ്ചയത്തിനു മതിയായ ന്യായമാണ്.

ഞങ്ങളുടെ വായനക്കാരിൽ കർത്താവിന്റെ പ്രതിഷ്ഠിത ജനമായിട്ടുള്ളവരോട് ഞങ്ങൾ പറയുന്നത് നിങ്ങളുടെ തലകളെ ഉയർത്തുക, നിങ്ങൾ പങ്കാളികളായി തീർന്നിരിക്കുന്ന വിളിയുടെ മഹത്വകരമായ പൂർണ്ണതയെ സംബന്ധിച്ചു വിപുലമായ തോതിൽ ബോധവാന്മാരാകുക എന്നാണ്. ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സ്നേഹം നിങ്ങളെ നിർബന്ധിക്കട്ടെ. സകല ഭാരവും പാപത്തിന്റെ കണിയും വിട്ടൊഴിഞ്ഞ് ഉന്മേഷത്തികവോടെ ലക്ഷ്യത്തിലേക്കു ബദ്ധപ്പെട്ടുകൊണ്ടു നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം ഓടി നമുക്കു ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാരാകാം.

## മനുഷ്യവർഗ്ഗത്തിനു വരാനിരിക്കുന്ന അനുഗ്രഹങ്ങൾ

## "എന്തതിശയമേ ദൈവത്തിൻ സ്നേഹം" എന്ന രീതി

1. ദൈവകുമാരൻ മാനവനായി
ഏവർക്കുമായ് മരിച്ചു-മേലാൽ (എബ്രാ. 2:9)
മൃത്യുവിനവന്മേൽ കർത്തൃത്വമില്ല (റോമ. 6:9)
ജീവന്റെ നായകൻ താൻ

2. ജീവനിലേവനും വന്നെത്തുവാൻ ദൈവം
വാഞ്ഛിപ്പു വാത്സല്യവാൻ - ക്രമാൽ (1 തിമൊ. 2:4)
എല്ലാം മഹായോവേൽ നാളുകളിൽ യഥാ
സ്ഥാപനം ചെയ്യുമവൻ (അപ്പൊ. 3:21)

3. ഭൂമിയനുഗ്രഹപൂരിതമായിടും
വാഗ്ദത്തസന്തതിയാൽ - ലോകം (അപ്പൊ. 3:25)
പാവനമാമീശവാഞ്ചിതമറിയും (യിരെ. 31:34)
നീതിപരിചയിക്കും (യെശ. 26:9)

4. മാനവർ മരണനിദ്രവിട്ടുണരും (ദാനി. 12:2)
യേശുവിൻ ശബ്ദത്തിങ്കൽ - വേഗം (യോഹ. 5:28, 29)
പാതാളമൃതികൾ നൽകിടും ഹതനെ (വെളി. 20:13)
സിന്ധുവിൻ ഭൂവിൽനിന്നും (യെശ. 26:19)

5. കാന്തയുമാത്മാവും ചൊന്നിടും വാക്കുകൾ (വെളി. 22:17)
പിന്തള്ളും മാനവന്മാർ - അന്നാൾ (അപ്പൊ. 3:23)
ശ്വാശ്വതജീവനയോഗ്യരായ് പ്രാപിക്കും (1 യോഹ. 5:12)
ഹാനിരണ്ടാം മൃതിയാൽ (വെളി. 21:8)

6. അമ്മൊഴികേൾക്കുവോർക്കില്ല രണ്ടാം മൃതി (യോഹ. 11:26)
കൈവരും ജീവവഴി - അവർ (യെശ. 35:8)
പ്രാപിക്കും മാനുഷപൂർണ്ണതയോടൊപ്പം (യോവേ. 2:28)
ശാശ്വത ശാന്തിപദം (യെശ. 35:10)

7. ക്രിസ്തുവിൻ വാഴ്ചയിലായിരമാണ്ടേക്കു (സങ്കീ. 89:32)
ബന്ധിതനാകെ സാത്താൻ - നൂനം (വെളി. 20:2,3)
കണ്ടെത്തും ദൈവവുമായി നിരപ്പന്നാൾ (വെളി. 21:3)
വീണ്ടുകൊള്ളപ്പെട്ടവർ (ഹോശെ. 13:14)

8. ഭൂമിപുതുതായി നീതിവസിക്കവേ (2 പത്രൊ. 3:13)
ക്ഷേമസമ്പൂർണ്ണതയിൽ - വാഴും (സംഖ്യ. 14:21)
വീണ്ടെടുക്കപ്പെട്ടലോകമോതൻകൃപാ (യെശ. 65:17)
ഭംഗികണ്ടാനന്ദിക്കും (സങ്കീ. 97:5,6)

9. രോഗദുഃഖാദികൾ പൂർവ്വവൃത്താന്തമാം (വെളി. 21:4)
മൃത്യുവും മേലിലില്ല - നിത്യം (യെശ. 33:22, 24)
സ്നേഹത്തിൽ നിന്നുളവാകും വിശ്വസ്തത (മത്താ. 25:31, 40)
ദേവനോടേവരിലും. (വെളി. 21:22, 26)

## ഞങ്ങളുടെ മറ്റ് ചില പ്രസിദ്ധീകരണങ്ങൾ

എന്താണ് സത്യം ❖ പൂർണ്ണ സുവിശേഷം ❖ ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം ❖ യഥാർത്ഥ സ്വാതന്ത്ര്യം ❖ ന്യായവിധി ദിവസം ❖ ദൈവം നിങ്ങളെ സ്നേഹിക്കുന്നു ❖ ദൈവമോ സാത്താനോ വിജയിക്കുന്നത് ❖ യേശുവിന്റെ രണ്ടാം വരവ് ❖ യഥാസ്ഥാപനം ❖ മഹാപിരമിഡ് ❖ യിസ്രായേലിന്റെ തിരിച്ചുവരവ് ❖ നിങ്ങൾക്കറിയാമോ? ❖ പുതിയഭൂമി ❖ ആപത്ക്കരമായ മലിനീകരണം ❖ സമാധാനം, അതെങ്ങനെ കൈവരും ❖ പറുദീസയിലെ കള്ളന്മാർ ❖ ധനവാനും ലാസറും എന്ന ഉപമ ❖ മരിച്ചവരുടെ പുനരുത്ഥാനം ❖ മരിച്ചവർ എവിടെ? ❖ ആത്മാവ് എന്നാൽ എന്ത്? ❖ നരകം എന്നാൽ എന്ത്? ❖ ജീവനും അമർത്യതയും ❖ യഹോവയുടെ സാക്ഷികളുടെ ഉപദേശം വേദാനുസരണമോ? etc.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
| --- | --- |
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |

Visit us at : **www.biblestandardindia.com**

(For private circulation only)